# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA.KLM.P7.780/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 30/03/2021
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.KLM.P7.780/2020 തീയ്യതി: 30/03/2021

## കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2019 മുതൽ 03-07-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-07-2020 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സൈമൺ.കെ | ഡെപ്യൂട്ടിഡയറക്ടർ(ഹ.ഗ്രേ) | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-07-2020 | 16-07-2020 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മണിലാൽ. വി, എ).ഒ (ഹ.ഗ്രേ),
ശ്രീമതി മഞ്ജുളാസാഗർ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി പത്മകുമാരി.എൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി ബിന്ദു നായർ, ഓഡിറ്റർ

ശ്രീമതി അനു. കെ. ആനന്ദ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സ്റ്റീഫൻ മോത്തീസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി ജലജ ഗോപാൽ | പ്രസിഡന്റ് | 22-07-2019 | 31-03-2020 |
| ശ്രീമതി സുജാത മോഹൻ | പ്രസിഡന്റ് | 01-04-2019 | 28-06-2019 |
| ശ്രീ.ഗോപകുമാർ.റ്റി ( ഇൻചാർജ്ജ്) | പ്രസിഡന്റ് | 29-06-2019 | 21-07-2019 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സ്നേഹജാഗ്ലോറി | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി. ലിജി.ബി | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. ബി.ജയപ്രകാശ് | വി.ഇ.ഒ | 01-04-2019 | 13-05-2019 |
| ശ്രീമതി.ശ്യാമ.എസ് | വി.ഇ.ഒ | 14-05-2019 | 20-08-2019 |
| ശ്രീമതി.ആശ | വി.ഇ.ഒ | 21-08-2019 | 11-11-2019 |
| ശ്രീമതി.സംഗീത | വി.ഇ.ഒ | 12-11-2019 | 31-01-2020 |
| ശ്രീ.നവീൻ.ആർ | വി.ഇ.ഒ | 01-02-2020 | 31-03-2020 |
| ശ്രീമതി.മനുജ.ആർ.വി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ.സജികുമാർ | കൃഷിഓഫീസർ | 01-04-2019 | 08-10-2019 |
| ശ്രീമതി. സജിത | കൃഷിഓഫീസർ | 09-10-2019 | 31-03-2020 |
| ഡോ.സീന.എസ്.എൽ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. ജയശ്രീ.ജെ | എെ.സി.ഡി.എസ് | 01-04-2019 | 31-03-2020 |
| ഡോ.ഷമ്മി | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2019 | 16-08-2019 |
| ഡോ.സൂസൻ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 17-08-2019 | 31-03-2020 |
| ഡോ.മുഹമ്മദ് സദക്കദുള്ള | മെഡിക്കൽ ഓഫീസർ,അലോപ്പതി | 01-04-2019 | 31-03-2020 |
| | | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി. നൗഫിയ | ഡയറി ഫാം ഇൻസ്ട്രക്ടർ | | |
| ശ്രീമതി. ഗ്രേസി തോമസ് | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Manilal V (Audit Officer, On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Manilal V (Audit Officer, On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Manilal V (Audit Officer, On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Manilal V (Audit Officer, On 29-03-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2021) | 1-4 |
| 5 | ലാപ്സായ തുക<br>Written By: Manilal V (Audit Officer, On 29-03-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Manilal V (Audit Officer, On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Manilal V (Audit Officer, On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Manilal V (Audit Officer, On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Manilal V (Audit Officer, On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2021) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Manilal V (Audit Officer, On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Manilal V (Audit Officer, On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 1-10 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: Manilal V (Audit Officer, On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2021) | 1-11 |
| 13 | ഇ ടെണ്ടർ ഫാറവില തിരികെ ഈടാക്കിയിട്ടില്ല.<br>Written By: Manilal V (Audit Officer, On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 1-12 |
| 14 | മരുന്നുകൾപൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2021) | 1-13 |
| 15 | കടവാടക ഈടാക്കിയിട്ടില്ല<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2021) | 1-14 |
| 16 | മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2021) | 1-15 |
| 17 | തുമ്പൂർമൂഴി മോഡൽ എറോബിക് കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം- പ്രവർത്തനസജ്ജമാക്കാത്തത് സംബന്ധിച്ച്. | 1-16 |

| | | |
|---|---|---|
| | Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | |
| 18 | മരാമത്ത് പ്രവൃത്തി- യഥാസമയം കരാർ വയ്ക്കാതിരുന്നതിന് പിഴ ഈടാക്കിയില്ല.<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2021) | 1-17 |
| 19 | സബ്സിഡി അധികമായി നൽകി<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2021) | 1-18 |
| 20 | കന്നുകുട്ടി പരിപാലന പദ്ധതി- അപാകതകൾ<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2021) | 1-19 |
| 21 | എസ്.എസ്.എ പദ്ധതി - തുടർ നിരീക്ഷണത്തിൽ അനാസ്ഥ<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2021) | 1-20 |
| 22 | വാലേഷൻ സർട്ടിഫിക്കറ്റ് പൂർണ്ണമല്ല<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 1-21 |
| 23 | സർക്കാർ ഉത്തരവിനു വിരുദ്ധമായി വാങ്ങലുകൾ നടത്തുന്നു.<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 1-22 |
| 24 | വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2021) | 1-23 |
| 25 | ലൈഫ് മിഷൻ ഭവന നിർമ്മാണം - 2018-19 ൽ എഗ്രിമെന്റിലേർപ്പെട്ട് 2019-20 ലും ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിവരം.<br>Written By: Manilal V (Audit Officer, On 26-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 1-24 |
| 26 | ഭവനപുനരുദ്ധാരണം ജനറൽ & എസ്.സി.പി - മുൻ വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവർക്ക് വീണ്ടും ആനുകൂല്യം നല്കി.<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 1-25 |
| 27 | ഭവന പുനരുദ്ധാരണം -പട്ടികജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവിന് വീണ്ടും ആനുകൂല്യം നല്കി.<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 1-26 |
| 28 | ഭവന പുനരുദ്ധാരണം ജനറൽ -തുക ട്രാൻസ്ഫർ ചെയ്തു നല്കിയതിലെ അപാകത<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2021) | 1-27 |
| 29 | ലൈഫ് ഭവന പദ്ധതി - അധികം തുക നൽകിയത് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടച്ചു.<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2021) | 1-28 |
| 30 | ലൈഫ് ഭവനപദ്ധതി -2019-20അവലോകനം.<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 1-29 |
| 31 | സ്പിൽഓവർ പദ്ധതിയിലുൾപ്പെടുത്തുന്നതിനായി രേഖകളിൽ തിരുത്തുവരുത്തിയും ഗുണഭോക്തൃലിസ്റ്റിലെ | 1-30 |

| | | |
|---|---|---|
| | സീനിയോറിറ്റി മറികടന്നും ആനുകൂല്യം നല്കി<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | |
| 32 | കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം-കരാറുകാരന് അധികം തുക നല്കി.<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 1-31 |
| 33 | കിണറും പമ്പ്ഹൗസും ഉൾപ്പെട്ട ഭൂമി വാങ്ങുന്നതിന് തുക ചെലവഴിച്ചതിലെ അപാകതകൾ<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2021) | 1-32 |
| 34 | അക്കൗണ്ട്സ് പ്രകാരം തിരികെ നല്കാനില്ലാത്ത ഡെപ്പോസിറ്റ് തുകകൾ അഡ്മിനിസ്ട്രേറ്റീവ് ചെലവ് ഹെഡ്ഡിൽ നിന്നും റീഫണ്ട് ചെയ്ത് നല്കി.<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 1-33 |
| 35 | കെ.ഡബ്ലു.എ).ഡെപ്പോസിറ്റ് വർക്ക് -ബാലൻസ് തുക ഉപയോഗിച്ചുള്ള ഫൗണ്ടൻ നിർമ്മാണം.<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 1-34 |
| 36 | ഹൈമാസ്റ്റ് ലൈറ്റ് റിപ്പയറിങ്ങ്-ചെലവ് രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല.<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 1-35 |
| 37 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ വേതനം നല്കി.<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 1-36 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം-കരാറുകാരന് അധികം തുക നല്കി.<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 3-1 |
| 2 | ഭൂമി വാങ്ങൽ- മുദ്രപ്പത്രവിലയിനത്തിലും രജിസ്ട്രേഷൻ ഫീസിനത്തിലും അധികം തുക ചെലവഴിച്ചു.<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 3-2 |
| 3 | അക്കൗണ്ട്സ് പ്രകാരം തിരികെ നല്കാനില്ലാത്ത ഡെപ്പോസിറ്റ് തുകകൾ അഡ്മിനിസ്ട്രേറ്റീവ് ചെലവ് ഹെഡ്ഡിൽ നിന്നും റീഫണ്ട് ചെയ്ത് നല്കി.<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 3-3 |
| 4 | സബ്സിഡി അധികമായി നൽകി<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 3-4 |
| 5 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ വേതനം നല്കി.<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 3-5 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| | Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2021) | |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 10-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2021) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ<br>Written By: Manilal V (Audit Officer, On 27-02-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

13.2.2019 തീയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 15.6.2020 | - | - |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24988351.60 |
| വരവ് | 106937573 |
| ആകെ | 131925924.60 |
| ചെലവ് | 91543962 |
| നീക്കിയിരിപ്പ് | 40381962 |

### 1-4 ഫണ്ട് വിനിയോഗം

| ഗ്രാൻറ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് തുക/ ലാപ്സായ തുക | 2019-20 ൽ ക്യൂ ബിൽ ആയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 15795300 | 15795300 | 14487507 | 1307793 | 1307774* |
| വികസന ഫണ്ട് എസ്.സി.പി | 0 | 16279824 | 16279824 | 10827261 | 5452563 | 774000* |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാൻറ് (United) | 0 | 13822407 | 13822407 | 3349425 | 10472982 | 2815042* |
| മെയിൻറനൻസ് ഫണ്ട് (റോഡ്) | 0 | 14204000 | 14204000 | 6191151 | 8012849 | 4928623* |
| മെയിൻറനൻസ് ഫണ്ട് ( നോൺ റോഡ്) | 0 | 5309000 | 539000 | 3093578 | 2215422 | 695918* |

| | | | | | |
|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഗ്രാൻറ് | | | | | |
| ലൈഫ് മിഷൻ-സംസ്ഥാന വിഹിതം | 0 | 17400000 | 17400000 | 17400000 | 0 |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | |
| ഐ.സി.ഡി.എസ് | 688471 | 970005 | 1658476 | 1000000 | 658476 |
| MNREGS | 66 | 25909348 | 25909414 | 25691855 | 217559 |
| സമ്പൂർണ്ണ ശുചിത്വം | 147156 | 0 | 147156 | 0 | 147156 |

*ലാപ്പ്സായ/നീക്കിയിരിപ്പ് തുകയിൽ 2019-20 ൽ ക്യൂബിൽ ആയ തുക കൂടി ഉൾപ്പെടുന്നു.

## 1-4-1 ലാപ്സായ തുക

ലാപ്സായ തുകയുടെ വിവരം

| | |
|---|---|
| വികസന ഫണ്ട് (ജനറൽ) | 1307793 |
| വികസന ഫണ്ട് (എസ്.സി.പി) | 5452563 |
| ധനകാര്യ കമ്മീഷൻ ഗ്രാൻറ്(യുണൈറ്റഡ്) | 10472982 |
| മെയിൻറനൻസ് ഗ്രാൻറ് (റോഡ്) | 8012849 |
| മെയിൻറനൻസ് ഗ്രാൻറ് (നോൺ റോഡ്) | 2215422 |
| ആകെ | 27461609 |

ഹാജരാക്കിയ ഗ്രാൻറ് വിനിയോഗ സ്റ്റേറ്റ്മെൻറിൽ സെൻട്രൽ സ്പോൺസേർഡ് സ്കീമിന്റെയോ (CSS) സ്റ്റേറ്റ് സ്പോൺസേർഡ് സ്കീമിൻ്റെയോ (SSS) ഒരു ഹെഡ്ഡും ഉൾപ്പെത്തിയിട്ടില്ല. ഏത് ഇനമാണെന്ന് വ്യക്തമാക്കാതെ സി.എസ്.എസിലും എസ്.എസ്.എസിലും ഓരോ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെ ലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 203 | 215245746 | 86 | 64221726 | 60 | 14 | 54 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1) കമ്മ്യൂണിറ്റി ഹാളിൽ ഇൻസിനറേറ്റർ വാങ്ങൽ – പ്രോജക്ട് നം. 48/19-20

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 66 | 1354604 | 1354670 | 1137111 | 217559 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 24554744 | 24554744 | 24554744 | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 258840 | 229 |
| കർഷകതൊഴിലാളി പെൻഷൻ | 939600 | 172 |
| വിധവാപെൻഷൻ | 9916200 | 2074 |
| വാർദ്ധക്യകാലപെൻഷൻ | 13885200 | 2863 |
| വികലാംഗപെൻഷൻ | 2928300 | 554 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സത്രീകൾക്കുള്ള പെൻഷൻ | 234600 | 34 |
| വിവാഹ ധനസഹായം | 330000 | 3 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.07.2020 ന് സ്ഥാപനത്തിലെ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29013/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. എന്നാൽ ജോലി വിഭജന രേഖപ്രകാരം ഏല്പിച്ച നൽകിയിട്ടുള്ള ചുമതലകൾ നിറവേറ്റുന്നതിൽ പല സെക്ഷനുകളും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരും വീഴ്ചവരുത്തിക്കാണുന്നു. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നത് നിരീക്ഷിക്കുന്നുണ്ട്.
വാർഷിക കണക്കുകളുടെ ഭാഗമായി തയ്യാറാക്കേണ്ട അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നില്ല. ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.02.2020 | 11/19 – 12/19 | 19.02.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.4.2018 മുതൽ 08.05.2018 വരെ | 2013-14 മുതൽ 2017-18 വരെ | 11.07.2018 |

1-11 വാർഷികകണക്കുകളിലെ അപാകതകൾ

1- തൻവർഷം വരെ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ആകെ മൂല്യം 81662773 /- രൂപയാണ്. (ബി-11 + ബി 11എ) എന്നാൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ B-3-യിൽ കാണിച്ചിരിക്കുന്നത് 57346991/- രൂപയാണ്. വ്യത്യാസം 24315782/- രൂപ. തനത് ഫണ്ട് ഉപയോഗിച്ച് സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം B-3-യിൽ ഉൾപ്പെടുത്തിയിട്ടില്ല.

2- ബി4 ഷെഡ്യൂൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്നത് 6688254/- രൂപയാണ്. ബി 17 പ്രകാരം 4516490/- രൂപ മാത്രമേ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ കാണിച്ചിട്ടുള്ളൂ. വ്യത്യാസം 2171764/- രൂപ.

3- ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-17 (A) പ്രകാരം ഡിപ്രീസിയേഷൻ ഓഫ് ഫിക്സഡ് അസറ്റിൽ കാണിച്ചിട്ടുള്ള 2656615/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4- സഞ്ചയ പ്രകാരമുള്ള കെട്ടിട നികുതിയുടെ ഡി.സി.ബി, വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

5- B-9 ഷെഡ്യൂൾ പ്രകാരം Other Liabilities ൽ Liability In Respect Of Stale Cheques ഇനത്തിൽ കാണിച്ചിട്ടുള്ള 9998/- രൂപ തനത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല.
തൻവർഷം കാലാവധി കഴിഞ്ഞ 43104/- രൂപയുടെ ചെക്കുകൾ Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ചേർത്തിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു;
993301/18.9.19 – 1,000/-
844054/7.11.19 – 42,104/-

6- ലൈഫ് പദ്ധതിയ്ക്ക് വേണ്ടി സംസ്ഥാന ബജറ്റ് വിഹിതമായി ലഭിച്ച 1,74,00,000/- രൂപ RP- 32 Secured Loans ഷെഡ്യൂൾ എന്ന ശീർഷകത്തിൽ തെറ്റായി രേഖപ്പെടുത്തി.

7- വാടക ഇനത്തിൽ വാർഷികകണക്ക് പ്രകാരമുള്ള തുക വാടക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

8- B-18 പ്രകാരം Festival Advance ഇനത്തിൽ കാണിച്ചിട്ടുള്ള 6000/- രൂപ അഡ്വാൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
9- തൻവർഷ പ്രോജക്ട് നം.216/2020 പ്രകാരം KURDFC ലോണിൽ നിന്നും 1139706/- രൂപ തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ RP Statement ൽ 251301301 Head -ൽ ഉൾപ്പെടുത്തിയിട്ടില്ല.
10- Joint Venture അക്കൗണ്ടിന്റെ മുന്നിരിപ്പ് , നീക്കിയിരിപ്പ് എന്നിവ വാർഷികകണക്കുമായി-യുമായി പൊരുത്തപ്പെടുന്നില്ല.
11- ദുരിതാശ്വസ നിധി – സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും തൻവർഷം ലഭിച്ച 3673/- രൂപ ഉൾപ്പെടാതെയാണ് B-2 Schedule -ൽ ബാലൻസ് കാണിച്ചിരിക്കുന്നത്. കൂടാതെ R&P പത്രികയിൽ Liability Head ൽ വരവ് കാണിച്ചിട്ടില്ല.

12- തൊഴിൽ രഹിത വേതനം, വിവാഹ ധനസഹായം എന്നിവ I&E, R&P സ്റ്റേറ്റമെന്റെ പൊരുത്തപ്പെടുന്നില്ല.

1-12 ഇ ടെണ്ടർ ഫാറവില തിരികെ ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ തൻവർഷം ടെണ്ടർ നടത്തിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയറുടെ (എൽ.എസ്.ജി.ഡി) അക്കൗണ്ടിലാണ് (അക്കൗണ്ട് നം. 37301244466/എസ്.ബി.ഐ.) ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഈ ഇനത്തിൽ പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 3,58,939/- രൂപ തുക നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. ഇ-ടെണ്ടർ ചെയ്തിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവിലയിനത്തിൽ അസി. എഞ്ചിനീയറുടെ (എൽ.എസ്.ജി.ഡി) അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള ടി തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 മരുന്നുകൾപൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ (ആയുർവേദം) മരുന്ന് /ഉപകരണങ്ങൾ വാങ്ങലിനായി ഏറ്റെടുത്ത പ്രോജക്ട് പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിവരം | പ്രോജക്ടിന്റെ വിവരങ്ങൾ | ഒടുക്കിയ തുക (രൂപ) | ലഭ്യമാക്കിയ മരുന്നുകളുടെ മൂല്യം (രൂപ) | ലഭ്യമാക്കാൻ ശേഷിക്കുന്ന മരുന്നുകളുടെ മൂല്യം (രൂപ) |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | നം. 42/2019-20 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 4,00,000/- ബിൽ നം. - 30/19-20 തീയതി 15.10.2019 | 3,81,914/- | 18,086/- |
| | നം. 43/2019-20 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 1,50,000/- ബിൽ നം. - 39/19-20 തീയതി 04.12.2019 | - | 1,50,000/- |
| ആകെ | | | | 1,68,086/- |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന്, വിതരണം ചെയ്യാൻ ബാക്കിയുള്ള മരുന്ന് ലഭ്യമാക്കണമെന്നറിയിച്ച് ഔഷധിയ്ക്കും ഹോംകോയ്ക്കും കത്ത് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി.

അവശേഷിക്കുന്ന 1,68,086/- രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 06/09.07.20

1-14 കടവാടക ഈടാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ കടമുറികളുടെ വാടക ഈടാക്കിയതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | റൂം നമ്പർ | പേര് | മാസ വാടക | കാലയളവ് | ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | XIV/207 ,A1 | രാധാകൃഷ്ണപിള്ള,<br>കല്ലുംപുറത്ത് വീട്,<br>ആലുംമൂട് പി ഒ | 2000 | 04/2019 മുതൽ 03/2020 വരെ | 24000 |
| 2 | XIV/211, V5 | ലാലു,<br>ലാലു ഭവനം, ആലുംമൂട് | 1300 | 04/2019 മുതൽ 03/2020 വരെ | 15600 |
| 3 | XIV/212,A6 | | 1300 | 04/2019 മുതൽ 03/2020 വരെ | 15600 |
| 4 | V/429, P5 | മോഹനൻ പി വി,<br>ജയശ്രീ ഭവനം,<br>മുളവന പി ഒ | 950 | 09/2019 മുതൽ 03/2020 വരെ | 6650 |
| 5 | V/430, P6 | ശശിധരൻ,<br>ചാലുവിള കിഴക്കതിൽ പുത്തൻവീട്, ചന്ദനത്തോപ്പ് | 950 | 04/2019 മുതൽ 03/2020 വരെ | 11400 |
| 6 | V/431, P7 | ശശിധരൻ,<br>ചാലുവിള കിഴക്കതിൽ പുത്തൻവീട്, ചന്ദനത്തോപ്പ് | 950 | 04/2019 മുതൽ 03/2020 വരെ | 11400 |
| 7 | V/432, P8 | ശശിധരൻ,<br>ചാലുവിള കിഴക്കതിൽ പുത്തൻവീട്, ചന്ദനത്തോപ്പ് | 950 | 04/2019 മുതൽ 03/2020 വരെ | 11400 |
| 8 | Bus Stand Shop2 | റിയാസ്,<br>റിയാന മൻസിൽ,<br>ഇളമ്പള്ളൂർ | 3250 | 04/2019 മുതൽ 03/2020 വരെ | 39000 |
| 9 | Bus Stand | ബിജു, | 4000 | 12/2019 | 16000 |

| | | | | | |
|---|---|---|---|---|---|
| | Shop 3 | സ്നേഹഭവൻ, പേരയം | | മുതൽ 03/2020 വരെ | |
| ആകെ | | | | | 151050 |

കൂടാതെ വർഷങ്ങളായി വാടക കുടിശ്ശിക വരുത്തുന്നവെന്ന് 2016-17, 2017-18, 2018-19 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ യഥാക്രമം ഖണ്ഡിക 2(1), 2(2), 1-19 പ്രകാരം പരാമർശിക്കപ്പെട്ടിട്ടുള്ള ചുവടെ കൊടുത്തിരിക്കുന്ന വാടക കുടിശ്ശിക തുകകൾ നാളിതുവരെ ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | റൂം നമ്പർ | പേര് | മാസ വാടക (രൂ) | ഈടാക്കേണ്ട തുക (രൂ) |
|---|---|---|---|---|
| 1 | പി 1 | ശ്രീ. മനോജ്, ചരുവിള താഴത്തിൽ, കാഞ്ഞിരകോട് | 714/- | 8568/- |
| 2 | പി5 | | 592/- | 7104/- |
| 3 | പി 4 | റിഷാദ്, ചരുവിളവീട്, നെടുമ്പായിക്കുളം | 959/- | 11508/- |
| 4 | പി7 | | 895/- | 10740/- |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക അടിയന്തിരമായി ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റന്വേഷണം നം. 3/08.07.2020

## 1-15 മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ (പി എച്ച് സി) മരുന്ന്/ഉപകരണങ്ങൾ വാങ്ങലിനായി ഏറ്റെടുത്ത പ്രോജക്ട് പ്രകാരമുള്ള മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിവരം | പ്രോജക്ടിന്റെ വിവരങ്ങൾ | ഒടുക്കിയ തുക (രൂപ) | ലഭ്യമാക്കിയ മരുന്നുകളുടെ മൂല്യം (രൂപ) | ലഭ്യമാക്കാൻ ശേഷിക്കുന്ന മരുന്നുകളുടെ മൂല്യം (രൂപ) |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | നം. 46/2019-20 പാലിയേറ്റീവ് കെയർ, വികസനഫണ്ട് ജനറൽ അടങ്കൽ 6,00,000/- | 4,70,900/- 1) 85,500/- ബിൽ നം. - 2/19-20 തീയതി 19.07.19, 2) 58,600/- | 4,11,583/- | 59,317/- |

| | | | | | |
|---|---|---|---|---|---|
| | | | ബിൽ നം. - 9/19-20<br>തീയതി 06.09.19,<br>3) 26,900/-<br>ബിൽ നം. - 5/19-20<br>തീയതി 30.10.19,<br>4) 2,09,400/-<br>ബിൽ നം. -7/19-20<br>തീയതി 19.12.19,<br>5) 28,500/-<br>ബിൽ നം. - 9/19-20<br>തീയതി 19.12.19,<br>6) 28,500/-<br>ബിൽ നം.-10/19-20<br>തീയതി 19.12.19,<br>7) 33,500/-<br>ബിൽ നം -13/19-20<br>തീയതി 07.03.20, | | |
| | | നം. 212/2019-20<br>പി എച്ച് സിയ്ക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ,<br>അടങ്കൽ 600000 | 5,07,130/-<br>1) 3,83,163/-<br>ബിൽ നം. - 6/19-20 | 2,18,634/- | 2,88,496/- |

| | | | | |
|---|---|---|---|---|
| | | തീയതി 19.12.19, 2) 1,23,967/- ബിൽ നം- 12/19-20 തീയതി 07.03.20, | | |
| ആകെ | | 9,78,030/- | 6,30,217/- | 3,47,813/- |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലഭ്യമാകാൻ ശേഷിക്കുന്ന 3,47,813/- രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 15/16.07.2020

1-16 തുമ്പൂർമൂഴി മോഡൽ ഏറോബിക് കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം- പ്രവർത്തനസജ്ജമാക്കാത്തത് സംബന്ധിച്ച്.

പ്രോജക്റ്റ് നം. : 190/20(സ്പിൽ ഓവർ)
പേര് : തുമ്പൂർമൂഴി മോഡൽ ഏറോബിക് കമ്പോസ്റ്റ് യൂണിറ്റ്
നിർവ്വഹണോദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ
അടങ്കൽ:8,26,325/- രൂപ
ഫണ്ടിനം : ശുചിത്വമിഷൻ വിഹിതം
സാങ്കേതികാനുമതി തീയതി : 15.10.2018
കരാറുകാരൻ : ശ്രീ. ബി. ശ്രീജിത്ത്
കരാർ നം.: 69/എ.ഇ./18-19/28.11.2018
ചെലവ് : 7,10,997/- രൂപ
ചെക്ക് നം. 53600006/6.8.2019

ഇളമ്പള്ളൂർ എസ്.എൻ.എസ്.എം.ഹൈസ്കൂളിൽ ഏറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയതാണ് ഈ പ്രോജക്റ്റ്. എന്നാൽ പ്രസ്തുത സ്കൂളിന് പദ്ധതി ആവശ്യമില്ലെന്നറിയിച്ചതിനെത്തുടർന്ന് 11.4.2019-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ 4 പ്രകാരം ഇളമ്പള്ളൂർ കെ.ജി.വി.യു.പി.എസ്., ആലുമ്മൂട് യു.പി.എസ്., അമ്പിപ്പൊയ്ക എം.റ്റി.എൽ.പി.എസ്. എന്നീ സ്കൂളുകളിൽ ഏറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കാൻ എസ്റ്റിമേറ്റ് പരിഷ്കരിച്ചുകൊണ്ട് ടി പദ്ധതി സ്പിൽ ഓവറായി നടപ്പാക്കി. 7,10,997/- രൂപ ചെലവഴിച്ച് ഭൗതികസൗകര്യങ്ങളൊരുക്കിയിട്ടുള്ള യൂണിറ്റുകൾ ഇതുവരെ പ്രവർത്തനസജ്ജമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ടി കമ്പോസ്റ്റ് യൂണിറ്റുകളുടെ പരിപാലനകാര്യത്തിൽ ഐ.ആർ.ടി.സി. മുഖേന ഹരിതകർമ്മസേനാംഗങ്ങൾക്ക് പരിശീലനം നൽകുന്നതിന് വേണ്ടി ശുചിത്വമിഷന്റെ സഹായം തേടിയിട്ടുണ്ടെന്നും പരിശീലനം പൂർത്തിയായാലുടൻ യൂണിറ്റുകൾ പ്രവർത്തനസജ്ജമാകുമെന്നും മറുപടി നൽകി. കമ്പോസ്റ്റ് യൂണിറ്റുകൾ അടിയന്തിരമായി പ്രവർത്തനസജ്ജമാക്കി വിവരം

അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 13/15.7.2020.

1-17 മരാമത്ത് പ്രവൃത്തി- യഥാസമയം കരാർ വയ്ക്കാതിരുന്നതിന് പിഴ ഈടാക്കിയില്ല.

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ ടെണ്ടർ അംഗീകരിച്ച് കിട്ടിയ കരാറുകാരൻ യഥാസമയം കരാർ ഉടമ്പടി വച്ചിട്ടില്ല. 2012-ൽ പരിഷ്കരിച്ച (ജി.ഒ.(പി)13/12/PWD) പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ വയ്ക്കാതിരിക്കുന്നവർക്ക് കരാർ തുകയുടെ 1% പിഴ ഈടാക്കികൊണ്ട് 10 ദിവസം കൂടി കരാർ വയ്ക്കാൻ സമയം അനുവദിക്കാവുന്നതാണ്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന മരാമത്ത് പ്രവൃത്തിയിൽ യഥാസമയം കരാർ വയ്ക്കാതിരുന്നിട്ടും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

| പ്രോജക്റ്റിന്റെ വിശദാംശം | സെലക്ഷൻനോട്ടീസ് കൈപ്പറ്റിയ തീയതി | നിയമാനുസൃതം കരാർ വയ്ക്കേണ്ട തീയതി | കരാർ തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|
| പ്രോജക്റ്റ്നം: 129/20<br>പ്രവൃത്തിയുടെ പേര്: പ്രഭാമന്ദിരംമുതൽ ചെറുകാഞ്ഞിരംവിളവീട് വരെ റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ: 7,29,100/-/-<br>ഫണ്ടിനം: ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ബ്ലോക്ക് വിഹിതം<br>കരാർനം : 55/എ.ഇ./19-20/25.11.2019<br>കരാറുകാരൻ: ശ്രീ. ബി. വിക്രമൻ (6,33,150/- രൂപ)<br>എം.ബുക്ക്നം. :7/18-19<br>ചെലവ്: 4,75,802/-രൂപ<br>ചെക്ക്നം.: 5360018/28.3.20 | 8.11.2019 | 22.11.2019 | 25.11.2019 | 6,332/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, പിഴ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 14/15.7.2020.

1-18 സബ്സിഡി അധികമായി നൽകി

പദ്ധതി - S0017/2020 - പോത്തുകുട്ടി വളർത്തൽ (എസ്.സി.പി)

അടങ്കൽ - 512000/- രൂപ

( വികസന ഫണ്ട് - 3,84,000/- രൂപ

ഗുണഭോക്തൃവിഹിതം -1,28,000/- രൂപ)

ചെലവ് - 5,12,000/- രൂപ

(വികസനഫണ്ട് -3,84,000/- രൂപ)

| ബിൽ നം. & തീയതി | തുക (രൂപ) |
|---|---|
| 8/19-20, 14.10.2019 | 96,000/- |
| 14/19-20, 28.10.2019 | 48,000/- |
| 22/19-20,9.12.2019 | 72,000/- |
| 28/19-20,4.1.2020 | 1,20,000/- |
| 31/19-20,8.1.2020 | 48,000/- |

ഗുണഭോക്തൃവിഹിതം – 1,28,000/-രൂപ)

നിർവ്വഹണം - വെറ്ററിനറി സർജൻ

2019-2020 വർഷം വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ S0017/2020-പോത്തുകുട്ടി വളർത്തൽ (എസ്.സി.പി) എന്ന പദ്ധതിയിൽ 32 ഗുണഭോക്താക്കൾക്ക് സബ്സിഡിയായി 12,000/-രൂപ വീതമാണ് നൽകിയിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018. ത.സ്വ.ഭ.വ തീയതി 14.7.2018 ഖണ്ഡിക 6.2(4) പ്രകാരം യൂണിറ്റ് കോസ്റ്റിന്റെ 75% സബ്സിഡിയായി നൽകാമെങ്കിലും പരമാവധി സബ്സിഡി 10,000/-രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരമുള്ള നിരക്കിൽ നിന്നും അധികരിച്ച് തുക നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് യൂണിറ്റ് കോസ്റ്റിന്റെ 75% തുക എന്ന നിലക്കാണ് 12,000/- രൂപ സബ്സിഡിയായി നിജപ്പെടുത്തിയതെന്ന മറുപടിയാണ് ലഭിച്ചത്. സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് അധികമായി നൽകിയ 64,000/- രൂപയുടെ (32x2000) ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക തിരികെ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 10/ 14.7.2020
നിരാകരിച്ച തുക – 64,000/- രൂപ

## 1-19 കന്നുകുട്ടി പരിപാലന പദ്ധതി- അപാകതകൾ

2019-20 വർഷം വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ എസ്.0004/2020 - പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ 4 മുതൽ 6 മാസം വരെ പ്രായമുള്ള 85 കന്നുകുട്ടികൾക്ക് 32 മാസം വരെയോ പ്രസവിക്കുന്നതു വരെയോ 50% സബ്സിഡി നൽകുന്നതിനായി വികസന ഫണ്ടിൽ നിന്നും 1062500/- രൂപ വകയിരുത്തിയതിൽ (സംസ്ഥാനാവിഷ്കൃത ഫണ്ട് ഉൾപ്പെടെ) ഒരു ഗുണഭോക്താവിന് 12,500/- രൂപ നിരക്കിൽ 1062500/- രൂപയും ചെലവ് വന്നിട്ടുണ്ട്. (ബിൽനം. 2/19-20, 17.9.2019, 9,87,500/- രൂപ, ബിൽ നം.1/19-2020, 17.9.2020, 75,000/- രൂപ). പെരുമ്പുഴ ക്ഷീരോത്പാദക സഹകരണ സംഘത്തിൻെറ രജിസ്റ്റർ പരിശോധിച്ചതിൽ 84 ഗുണഭോക്താക്കൾ മാത്രമേ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളൂ.

രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ പരാമർശിക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിൻെറ പേരും വിലാസവും | ഓരോ മാസവും കൈപ്പറ്റുന്ന തുകയുടെ നിരക്ക് | സബ്സിഡി കൈപ്പറ്റിയ മാസങ്ങൾ | സബ്സിഡി കൈപ്പറ്റാത്ത മാസങ്ങൾ | അധികമായി SLBP യിൽ ഒടുക്കിയ തുക |
|---|---|---|---|---|---|
| 1. | ശ്രീകല, | 675/-രൂപ | 1/2020,2/2020,3/2020, | 12/2019 | 675/-രൂപ |

| | | | | | |
|---|---|---|---|---|---|
| | കലക്കത്ത് വീട് | | 4/2020,5/2020,6/2020 | | |
| 2. | രജീന മോൾ,<br>മുകളുവിള | 675/-രൂപ | 12/2019,1/2020,4/2020,<br>5/2020,6/2020 | 2/2020,3/2020 | 1350/-രൂപ |
| 3. | ലക്ഷ്മിക്കുട്ടി,<br>രുവിള വീട് | 675/-രൂപ | 2/2020,3/2020,5/2020,<br>6/2020 | 12/2019,1/2020,<br>4/2020 | 2025/-രൂപ |
| 4. | ഓമന,<br>കണിക്കുളങ്ങര വീട്. | 675/-രൂപ | 12/2019,1/2020,<br>4/2020,<br>5/2020 | 2/2020,3/2020,<br>6/2020 | 2025/-രൂപ |
| 5. | റോസമ്മ,<br>രാജി ഭവൻ | 675/-രൂപ | വാങ്ങിയിട്ടില്ല | 12/2019,1/2020,,<br>2/2020,3/2020,<br>5/20204/2020,<br>6/2020 | 4725/-രൂപ |
| 6. | സുശീല,<br>രമ്യഭവൻ | 675/-രൂപ | 12/2019,1/2020,3/2020,<br>4/2020,5/2020,6/2020 | 2/2020 | 675/-രൂപ |
| 7. | സുഗത,<br>മാടൻ വിള | 675/-രൂപ | 12/2019,1/2020,2/2020,<br>4/2020,5/2020,6/2020 | 3/2020 | 675/-രൂപ |
| 8. | സരസ്വതിയമ്മ,<br>ബാബുഭവൻ | 675/-രൂപ | 12/2019,2/2020,3/20204/2020<br>,5/2020,6/2020 | 1/2020 | 675/-രൂപ |
| 9. | എൽസമ്മ ,<br>പൊന്നാവിള<br>കിഴക്കേതിൽ | 675/-രൂപ | 12/2019,1/20202/2020,<br>3/2020<br>4/2020,,6/2020 | 5/2020 | 675/-രൂപ |
| 10. | എൽസിക്കുട്ടി,<br>പൊന്നാവിള<br>പുത്തൻവീട്. | 675/-രൂപ | 12/2019,1/2020,2/2020,<br>3/2020<br>4/2020,,6/2020 | 5/2020 | 675/-രൂപ |
| 11. | ജോളി റോയി,<br>കുരുവിളകിഴക്കതിൽ | 675/-രൂപ | 1/2020,2/2020,3/2020<br>4/2020,<br>5/20206/2020 | 12/2019 | 675/-രൂപ |
| 12. | സുനിതകുമാരി,<br>കുളങ്ങര വീട് | 675/-രൂപ | 12/2019,2/2020,4/2020,<br>5/2020,6/2020 | 1/2020, 3/2020 | 1350/-രൂപ |
| 13. | തങ്കമ്മ സ്കറിയ,<br>ധന്യാ ഭവൻ. | 675/-രൂപ | 12/2019,1/2020,2/2020,<br>4/2020,<br>5/2020,6/2020, | 3/2020 | 675/-രൂപ |
| 14. | ലിസി,<br>ഞാറവിള പുത്തൻ<br>വീട്. | 675/-രൂപ | വാങ്ങിയിട്ടില്ല | 12/2019,1/2020,<br>2/2020,<br>3/2020,<br>4/2020,5/2020,<br>6/2020 | 4725/-രൂപ |
| 15. | ഏലിയാമ്മ ജോസ്,<br>ജോസ് ഭവൻ. | 675/-രൂപ | 12/2019,,2/2020,4/2020,<br>5/2020,6/2020 | 1/2020 | 675/-രൂപ |
| 16. | അംബിക,<br>അനീഷ് ഭവൻ. | 675/-രൂപ | 1/2020,2/2020,3/2020,<br>5/2020,6/2020 | 12/2019,4/2020 | 1350/-രൂപ |
| 17. | ശാന്തമ്മ,<br>പുതിയ വീട്ടിൽ | 675/-രൂപ | 12/2019 | 1/2020,2/2020,<br>3/2020, | 4050/രൂപ |

| | | | | | |
|---|---|---|---|---|---|
| | | | | 4/2020, 5/2020,6/2020 | |
| 18. | ഗിരിജ, അജിതാഭവനം | 675/-രൂപ | 12/2019,1/2020,6/2020 | 2/2020,3/2020, 4/2020,5/2020 | 2700/-രൂപ |
| 19. | സുമംഗല, തലപ്പറമ്പിൽ | 675/-രൂപ | 12/2019,1/2020,4/2020, 5/2020,6/2020 | 2/2020,3/2020 | 1350/-രൂപ |
| 20. | രോഹിണി, രഞ്ജിത് ഭവനം | 675/-രൂപ | 1/2020,2/2020,3/2020, 4/2020,5/2020,6/2020 | 12/2020 | 675/-രൂപ |
| 21. | ശാന്തമ്മ, ജയവിലാസം | 675/-രൂപ | 4/2020,5/2020 | 12/2019, 1/2020,2/2020, 3/2020, 6/2020 | 3375/-രൂപ |
| | | | | ആകെ | 26325/- രൂപ |

ഗുണഭോക്താക്കൾ കാലിത്തീറ്റ കൈപ്പറ്റാത്ത മാസങ്ങളിലേക്ക് ഒടുക്ക് വരുത്തിയ 26325/- രൂപ എസ്.എൽ.ബി.പി.യിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

ക്രമ നമ്പർ 5 –ശ്രീമതി റോസമ്മ, രാജി ഭവൻ, ക്രമ നമ്പർ 14 –ശ്രീമതി ലിസി, ഞാറവിള പുത്തൻവീട് എന്നീ ഗുണഭോക്താക്കൾ നാളിതുവരെ സബ്സിഡി കൈപ്പറ്റിയിട്ടില്ലാത്തതിനാൽ ഇവർക്ക് സബ്സിഡിയ്ക്ക് അർഹമായ കിടാരികൾ ഉണ്ടോയെന്ന് പരിശോധിക്കേണ്ടതും അതിനനുസരിച്ച് വരും വർഷങ്ങളിൽ തുക ക്രമീകരിക്കുകയും ചെയ്യേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 12/15.7.20

<u>1-20 എസ്.എസ്.എ പദ്ധതി - തുടർ നിരീക്ഷണത്തിൽ അനാസ്ഥ</u>

പദ്ധതി - എസ്.0009/2020 – എസ്.എസ്.എ പഞ്ചായത്ത് വിഹിതം

അടങ്കൽ - 15,00,000/- രൂപ (വികസനഫണ്ട്)

ചെലവ് - 15,00,000/- രൂപ (ബിൽ നം.2/19-20, 30.7.2019)

നിർവ്വഹണം - സെക്രട്ടറി

മെച്ചപ്പെട്ട വിദ്യാഭ്യാസ സാഹചര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2019-20 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ എസ്.എസ്.എ – പഞ്ചായത്ത് വിഹിതം – എസ്.0009/2020 എന്ന പദ്ധതിയുടെ തുടർ നിരീക്ഷണം തീർത്തും പരാജയപ്പെട്ട അവസ്ഥയിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എസ്.എസ്.എ, ജില്ലാ പ്രോജക്റ്റ് ഓഫീസർ നൽകിയ 2019-20 വർഷത്തെ പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം 2019-20 വർഷം ഗ്രാമ പഞ്ചായത്തിലെ എൽ.പി, യു.പി സ്കൂളുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളിൽ ട്രാൻസ്പോർട്ട്/ എസ്കോർട്ട് ഫെസിലിറ്റി, മീഡിയാ & കമ്മ്യൂണിറ്റി മൊബിലൈസേഷൻ, ക്വാളിറ്റി കംപോണൻറ്സ്, ലൈബ്രറി, സെൽഫ് ഡിഫൻസ് ട്രെയിനിംഗ് എന്നീ വിഭാഗങ്ങളിലായി തുക വകയിരുത്തിയിരിക്കുന്നു. ഗ്രാമ പഞ്ചായത്തിൻെറ അധീനതയിലുള്ള വിവിധ എൽ.പി, യു.പി സ്കൂളുകളിൽ മേൽ പരാമർശിച്ച മേഖലകളിൽ നടത്തിയ

പ്രവർത്തനങ്ങളെക്കുറിച്ചും അടിസ്ഥാന സൗകര്യങ്ങൾ എത്രത്തോളം പുരോഗമിച്ചുവെന്നതിനെക്കുറിച്ചും യാതൊരു വിധ തുടർ നിരീക്ഷണവും അധികൃതരുടെ ഭാഗത്തു നിന്നും നാളിതുവരെയും ഉണ്ടായിട്ടില്ല. എല്ലാ വർഷവും വിദ്യാഭ്യാസമേഖലയുടെ ഉന്നമനത്തിനായി ഇപ്രകാരം ഭീമമായ തുക ചെലവഴിക്കുന്നുണ്ടെങ്കിലും വിദ്യാഭ്യാസമേഖലക്ക് എത്രത്തോളം പ്രയോജനം സിദ്ധിച്ചുവെന്നത് വിലയിരുത്തുകയോ നിരീക്ഷണത്തിനു വിധേയമാക്കുകയോ ചെയ്തിട്ടില്ലായെന്നത് അധികൃതരുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ പാളിച്ചയാണ്. ഗ്രാമപഞ്ചായത്തിലെ എത്ര എൽ.പി, യു.പി സ്കൂളുകൾക്ക് ലൈബ്രറി സൗകര്യം ലഭ്യമായിട്ടുണ്ട്, മീഡിയാ & കമ്മ്യൂണിറ്റി മൊബിലൈസേഷൻ, ക്വാളിറ്റി കംപോണൻറ്സ്, സെൽഫ് ഡിഫൻസ് ട്രെയിനിംഗ് എന്നിവ എത്രത്തോളം പ്രായോഗികമായി നടപ്പാക്കി എന്നത് സംബന്ധിച്ച് സ്കൂളുകൾ കേന്ദ്രീകരിച്ച് ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഒരു അവലോകനം നടത്തേണ്ടതും അതിലൂടെ ഫണ്ട് വിനിയോഗം ശരിയായി നടപ്പാകുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

1-21 വാല്യേഷൻ സർട്ടിഫിക്കറ്റ് പൂർണ്ണമല്ല

2019-20 വർഷം അസിസ്റ്റൻറ് സെക്രട്ടറി നിർവ്വഹണം നടത്തിയ എസ്.0062/2020 - പഠനമുറി (എസ്.സി.പി) എന്ന പദ്ധതിക്കായി വികസനഫണ്ടി(എസ്.സി.പി)ൽ നിന്നും വകയിരുത്തിയ 42 ലക്ഷം രൂപ ചെലവഴിച്ച് 21 വിദ്യാർത്ഥികൾക്കായി 2 ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. എൽ.എസ്.ജി.ഡി. എൻജിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭിച്ച വാല്യേഷൻ സർട്ടിഫിക്കറ്റ് പൂർണ്ണമല്ല. പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള മൂല്യനിർണ്ണയം വാല്യേഷൻ സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദമായ എസ്റ്റിമേറ്റ് പ്ലാൻ ഇവയൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. നിർമ്മാണത്തിനു ചെലവായ തുക മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. 2 ലക്ഷം രൂപയ്ക്ക് മുകളിൽ തുക ചെലവായതായാണ് ചെയ്ത ഓരോ വാല്യേഷൻ സർട്ടിഫിക്കറ്റിലും രേഖപ്പെടുത്തിയിരിക്കുന്നത്. വാല്യേഷൻ സർട്ടിഫിക്കറ്റിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 16/16.7.2020

1-22 സർക്കാർ ഉത്തരവിനു വിരുദ്ധമായി വാങ്ങലുകൾ നടത്തുന്നു.

എസ്.0061/2020 - ആയുർവ്വേദ ആശുപത്രിക്ക് കംപ്യൂട്ടർ എന്ന പദ്ധതിക്കായി മെയിൻറനൻസ് ഫണ്ട് (നോൺ റോഡ് ) - ൽ നിന്നും 60,000/- രൂപ വകയിരുത്തിയതിൽ 54,850/- രൂപ (ബിൽ നം. 12/19-20, 22.1.2020 ) ചെലവഴിച്ച് എഫ്.1 സൊല്യൂഷൻ, എഴുകോൺ എന്ന സ്ഥാപനത്തിൽ നിന്നും ടെൻഡർ മുഖേന കംപ്യൂട്ടറും പ്രിൻററും വാങ്ങിയിട്ടുണ്ട്. കൂടാതെ 2019-20 വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ എസ്.0165/2020 – ബഡ്സ് സ്കൂളിന് അനുബന്ധ സൗകര്യമൊരുക്കൽ (അടങ്കൽ - 1250000/- സംസ്ഥാനാവിഷ്കൃതഫണ്ട്, ചെലവ് - 400699/-) എന്ന പദ്ധതിയിൽ എഫ്.1 സൊല്യൂഷൻ എന്ന സ്ഥാപനത്തിൽ നിന്നും കംപ്യൂട്ടർ, പ്രിൻറർ എന്നിവ വാങ്ങിയിട്ടുണ്ട്. (ചെക്ക് നം. 2883315/23.3.2020, 49,300/-) 22.8.2019 ലെ ജി.ഒ (പി) നം. 10/2019/ എസ്.പി.ഡി പ്രകാരവും (സ്റ്റോർ പർച്ചേസ് മാന്വൽ ഖ.7.52) സർക്കുലർ നം. ഐ.ടി.സെൽ-1/26/2019/ വിവര സാങ്കേതിക വകുപ്പ് തീയതി 18.3.2019 പ്രകാരവും കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സെൻട്രലൈസ്ഡ് പ്രൊക്യൂർമെൻറ് സംവിധാനത്തിലൂടെ

മാത്രമേ വാങ്ങാൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. CPRCS പോർട്ടലിൽ ഉൾപ്പെട്ടില്ലാത്ത ഐ.ടി ഉപകരണങ്ങൾ ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ മാത്രമേ വാങ്ങാനാകൂ. ഇത് സംബന്ധിയായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ സർക്കാർ ഉത്തരവിന മുൻപായാണ് ടെൻഡർ ക്ഷണിച്ചതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്നുള്ള വാങ്ങലുകൾ സർക്കാർ ഉത്തരവ് അനുശാസിക്കും വിധമായിരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 5/10.7.2020, & ഓഡിറ്റ് എൻക്വയറി നം. 11/ 14.7.2020

1-23 വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

പദ്ധതി - എസ്.0071/2020 - ജീവനം (ഡയാലിസിസ് യൂണിറ്റ് )

അടങ്കൽ - 1,00,000/- രൂപ (വികസന ഫണ്ട്)

ചെലവ് - 1,00,000/- രൂപ (ബിൽ നം.10/19-20, 29.8.2019

നിർവ്വഹണം - സെക്രട്ടറി

കിഡ്നി വെൽഫെയർ ഫൗണ്ടേഷൻ എന്ന പദ്ധതിക്കായി ജില്ലാ പഞ്ചായത്തിലേക്ക് 1,00,000/- രൂപ കൈമാറിയതിന്റെ വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,00,000/- രൂപ ഓഡിറ്റിൽ താല്ക്കാലികമായി തടസ്സപ്പെടുത്തുന്നു. ചെലവ്/വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 5/10.7.2020

1-24 ലൈഫ് മിഷൻ ഭവന നിർമ്മാണം - 2018-19 ൽ എഗ്രിമെന്റിലേർപ്പെട്ട് 2019-20 ലും ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിവരം.

ലൈഫ് മിഷൻ മുഖേനയുള്ള ഭവന നിർമ്മാണത്തിനായി 2018-19 ലെ ജനറൽ & എസ്.സി.പി. പദ്ധതികൾ വഴി എഗ്രിമെന്റിലേർപ്പെട്ട് ആദ്യഗഡുക്കൾ കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ നാളിതുവരെയും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | കൈപ്പറ്റിയ തുക | ഭവനനിർമ്മാണത്തിന്റെ തൽസ്ഥിതി |
|---|---|---|---|
| ജനറൽ വിഭാഗം | | | |
| 1 | മറിയംബീവി, തടവിള പടിഞ്ഞാറ്റതിൽ, വാർഡ് 13 | 200000/- | ബേസ്മെന്റ്. |
| 2 | നാസില റഹീം വാർഡ് 13 | 300000/- | റൂഫ് ചെയ്തിട്ടില്ല |
| 3 | അഞ്ജു ഷാജി, ഷാജിഭവനം, വാർഡ് 11 | 200000/- | ഭിത്തിമട്ടം പൂർത്തീകരിച്ചിട്ടില്ല. |
| പട്ടികജാതി വിഭാഗം | | | |
| 1 | ശ്രീമതി. അശ്വതി സിബീഷ്, പൊയ്കയിൽ പുത്തൻവീട് വാർഡ് 9 | 40000/- | ഭവനനിർമ്മാണം ഇതു വരെ ആരംഭിച്ചിട്ടില്ല |
| 2 | ധന്യാലക്ഷ്മി, അജിഭവനം വാർഡ് 6 | 200000/- | ഫൗണ്ടേഷൻ പൂർത്തീകരിച്ച |
| 3 | രാധാമണി, എസ്.എം.സി വാർഡ് 19 | 40000/- | ഭവനനിർമ്മാണം ഇതു വരെ ആരംഭിച്ചിട്ടില്ല |

മേൽ വ്യക്തികളെക്കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിച്ച് ലൈഫ് മിഷൻ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത വ്യക്തികൾക്കു വേണ്ടി ചെലവഴിച്ച തുക പലിശ സഹിതം ഈടാക്കി യഥാഫണ്ടിൽ ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

മേൽ വിഷയം സൂചിപ്പിച്ചു നല്കിയ എൻക്വയറിയുടെ മറുപടിയിൽ ടി വ്യക്തികളുടെ വിഷയത്തിൽ നടപടികൾ സ്വീകരിക്കുന്നതിനായി കമ്മിറ്റിയ്ക്ക് രേഖാമൂലം കത്ത് നല്കിയതായി വി.ഇ.ഒ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം 7/12.07.2020

<u>1-25 ഭവനപുനരുദ്ധാരണം ജനറൽ & എസ്.സി.പി - മുൻ വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവർക്ക് വീണ്ടും ആനുകൂല്യം നല്കി.</u>

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1.പ്രോജക്റ്റ് നം | (1). 51/20 ഭവനപുനരുദ്ധാരണം ജനറൽ<br>(2). 52/20 ഭവനപുനരുദ്ധാരണം എസ്.സി.പി. |
| അടങ്കൽ തുക | 1).1890000/- (വികസനഫണ്ട് ജനറൽ – 1306000, തനത് ഫണ്ട് 584000/-)<br>2)3150000/-(വികസനഫണ്ട് എസ്.സി.പി.-) |
| ചെലവഴിച്ച തുക | 1). 1590000/- (വികസനഫണ്ട് ജനറൽ 1305000, തനത് ഫണ്ട് 285000/-)<br>2).1775000/- (വികസനഫണ്ട് എസ്.സി.പി.) |

(A) മേൽ പദ്ധതികളുടെ അപേക്ഷകൾ, അക്വിറ്റൻസ് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ തൻവർഷം ധനസഹായം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഇതേ ആവശ്യത്തിന് മുൻവർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1. ജനറൽ വിഭാഗം.

| ക്രമ നം | പേര് | തൻവർഷം നല്കിയ തുക | മുൻവർഷം ലഭിച്ച തുക/ വർഷം |
|---|---|---|---|
| 1 | ഹൈഡ്രോസ്കുഞ്ഞ്, തുണ്ടിൽ വീട്, വാർഡ് 14 | 15000/- (ബിൽ നം 1/14-10-19 (2015-16 ൽ തുക നല്കിയതായി വി.ഇ.ഒ തന്നെ കണ്ടെത്തിയതിനെ തുടർന്ന് അടുത്ത ഗഡു നല്കിയില്ല | 25000/- (681782/19-11-15) 2015-16 |
| 2 | ശ്യാമളാദേവി, ഷാലുഭവൻ, വാർഡ് 15 | 30000/- (15000/- (ബിൽ നം 1/14-10-19, 15000/- ബിൽ നം 7/20-1-20 | 25000/- (179141/2-3-15) 2014-15 |
| 3 | പത്മാക്ഷിയമ്മ, മേലൂട്ട് വടക്കതിൽ, വാർഡ് 1 | 30000/-(15000/- ബിൽ നം 4/14-11-19, 15000/- ബിൽ നം 7/20-1-20 | 25000/- (860362/17-8-15) 2015-16) |
| 4 | ഗോപാലകൃഷ്ണപിള്ള ആറാട്ടുവിള കിഴക്കതിൽ, വാർഡ് 10 | 30000/-(15000/- (ബിൽ നം 1/14-10-19, 15000/- | 25000/- (179386 തീയതി |

| | | | |
|---|---|---|---|
| | | ചെക്ക് നം 2144486/10-3-20 | രേഖപ്പെടുത്തിയിട്ടില്ല.) 2014-15 |
| | ആകെ | 105000/- | |

2. പട്ടികജാതി വിഭാഗം.

| ക്രമ നം | പേര് | തൻവർഷം നല്കിയ തുക | മുൻവർഷം ലഭിച്ച തുക/ വർഷം |
|---|---|---|---|
| 1 | സുന്ദരൻ, വാറൂർമേലതിൽ വീട്, വാർഡ് 10 | 25000/- (ബിൽ നം 2/14-10-19) 11-4-20 ൽ 25000/- (2020-21) | 25000/- (12500/- 196681/13-12-13, 12500/-, 197351/7-1-14) 2013-14 |
| 2 | ശ്രീമതി. ശശിരേഖ (രേഖസുക), സുമേഷ് ഭവൻ, വാർഡ് 9 | 25000/-(ബിൽ നം 2/14-10-19)) 29-6-20 ൽ 25000/- (2020-21) | 25000/- (12500/- 571947/18-3-14, 12500/-, 573582/9-4-14) 2013-14 |
| 3 | മിനി, തൃക്കോയിക്കൽമേലതിൽ, വാർഡ് 10 | 25000/-(ബിൽ നം 2/14-10-19) 11-5-20 ൽ 25000/-(2020-21) | 25000/- (12500/- 572128/20-3-14, 12500/-, 572952/31-3-14) 2013-14 |
| | ആകെ | 150000/- | |

ഗുണഭോക്തൃലിസ്റ്റിൽ ഭവനപുനരുദ്ധാരണത്തിന് ഇതുവരെ ആനുകൂല്യം ലഭിക്കാത്ത അർഹരായ മറ്റ് ഗുണഭോക്താക്കളുണ്ടായിരിക്കെ മുൻ വർഷങ്ങളിൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾക്ക് വീണ്ടും ആനുകൂല്യം നല്കാനിടയായ സാഹചര്യം വ്യക്തമാക്കണമെന്ന് അറിയിച്ചു കൊണ്ട് എൻക്വയറി നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുമ്പോൾ അർഹതാമാനദണ്ഡങ്ങൾ പരിശോധിച്ച് മുൻവർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയവരെ ഒഴിവാക്കി ലിസ്റ്റ് തയ്യാറാക്കണമെന്ന നിബന്ധന പാലിക്കാത്തത് മൂലവും നിർവ്വഹണോദ്യോഗസ്ഥൻ അപേക്ഷ, മുൻവർഷ ആനുകൂല്യ വിതരണ രജിസ്റ്റർ, ഗുണഭോക്താക്കളുടെ ഭവനങ്ങൾ എന്നിവ കൃത്യമായി പരിശോധിക്കാതിരുന്നതിനാലുമാണ് മേൽ വ്യക്തികൾ ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ട് ആനുകൂല്യം കൈപ്പറ്റുന്നതിനിടയായത്. മറുപടിയോടൊപ്പം ഹാജരാക്കിയ 7-7-20ലെ 6(14) കമ്മിറ്റി തീരുമാനത്തിൽ (ഓഡിറ്റ് ആരംഭിച്ചത് 6-7-20ൽ), നിർവ്വഹണോദ്യോഗസ്ഥന്റെ ഫീൽഡ് തല വെരിഫിക്കേഷനിൽ പ്രളയക്കെടുതിയാൽ നാശനഷ്ടം സംഭവിച്ചതായി കണ്ടതിനാലാണ് മേൽ വ്യക്തികളുടെ വീടുകൾക്ക് ആനുകൂല്യം നല്കിയതെന്നും ടി നടപടി സാധൂകരിക്കുന്നു എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

വി.ഇ.ഒ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിലെ ഒരു അപേക്ഷയിൽപോലും നിർവ്വഹണോദ്യോഗസ്ഥന്റെ പരിശോധനാറിപ്പോർട്ട് ഉൾപ്പെടുത്തുകയോ മേൽവിവരങ്ങൾ സൂചിപ്പിച്ചു കൊണ്ട് പദ്ധതി നിർവ്വഹണാരംഭത്തിന് മുമ്പോ, ശേഷമോ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയോ ചെയ്തിരുന്നില്ല. അതിനാൽ ഓഡിറ്റിൽ അപാകത കണ്ടെത്തി അറിയിച്ചതിന് ശേഷമുള്ള കമ്മിറ്റി തീരുമാനം ഉൾപ്പെടെഹാജരാക്കിയ മറുപടി അംഗീകരിക്കുന്നില്ല. സബ്സിഡി മാർഗ്ഗരേഖ (GO(MS)22/18LSGD Dated 14.7.18) പ്രകാരം ഏതെങ്കിലും ഇനത്തിലുള്ള ആസ്തികൾക്ക് മുൻവർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവർക്ക് നിശ്ചിത കാലയളവിന് ശേഷം മാത്രമേ അതേ ഇനത്തിന് ആനുകൂല്യം നൽകാവൂ എന്ന് വ്യക്തമായിട്ടുണ്ട്.

അർഹതയുള്ള ഗുണഭോക്താക്കൾ ലിസ്റ്റിൽ ശേഷിക്കെ അനർഹർക്ക് ആനുകൂല്യം നല്കുന്നതിന് വേണ്ടി തൻവർഷം ചെലവഴിച്ച തുകയായ 180000/- (105000+75000) രൂപ തടസ്സപ്പെടുത്തുന്നു. (മേൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് വേണ്ടി 2020-21 ലും 75000/- രൂപ ചെലവഴിച്ചിട്ടുണ്ട്) മേൽ ഗുണഭോക്താക്കളില് നിന്നും തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം. 7/12.07.2020

തടസ്സപ്പടുത്തുന്ന തുക – 1,80,000/- രൂപ

1-26 ഭവന പുനരുദ്ധാരണം -പട്ടികജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവിന് വീണ്ടും ആനുകൂല്യം നല്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ |
| പ്രോജക്റ്റ് നം | 52/20 ഭവന പുനരുദ്ധാരണം എസ്.സി.പി. |
| അടങ്കൽ തുക | 31,50,000/- (വികസനഫണ്ട് എസ്.സി.പി.) |
| ചെലവഴിച്ച തുക | 17,75,000/- (വികസനഫണ്ട് എസ്.സി.പി.) |

മേൽ പദ്ധതി വഴി തൻവർഷം 25000/- രൂപ ആനുകൂല്യം കൈപ്പറ്റിയ (ബിൽ നം 3/14-10-19) ശ്രീമതി. ഗീത, പണയിൽ വീട് വാർഡ് 13 എന്ന വ്യക്തിയുടെ അപേക്ഷ പരിശോധിച്ചതിൽ പട്ടികജാതി വികസനവകുപ്പിൽ നിന്നുള്ള സാക്ഷ്യ പത്രത്തിൽ ടി വ്യക്തിക്ക് 2014-15 ൽപട്ടികജാതി വികസനവകുപ്പിൽ നിന്നും 50000/- രൂപ ആനുകൂല്യം ലഭിച്ചിട്ടുള്ളതായി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (നം. എം.ബി.142/19 തീ. 25-10-19). ടി വ്യക്തിക്ക് വീണ്ടും ആനുകൂല്യം നല്കിയതിന്റെ കാരണം അന്വേഷിച്ച് കൊണ്ട് നല്കിയ എൻക്വയറിയുടെ മറുപടിയിൽ ജോലിത്തിരക്ക് മൂലം സംഭവിച്ച മനപ്പൂർവ്വമല്ലാത്ത തെറ്റാണെന്നാണ് അറിയിച്ചിട്ടുള്ളത്. ഗുണഭോക്തൃലിസ്റ്റിൽ ഭവനപുനരുദ്ധാരണത്തിന് ഇതുവരെ ആനുകൂല്യം ലഭിക്കാത്ത അർഹരായ മറ്റ് ഗുണഭോക്താക്കളുണ്ടായിരിക്കെ മുൻ വർഷംപട്ടികജാതി വികസനവകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ച ഗുണഭോക്താവിന് വീണ്ടും ആനുകൂല്യം നല്കിയതിന് ചെലവായ 25000/- രൂപ തടസ്സപ്പെടുത്തുന്നു. ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം – 7/12.07.2020

തടസ്സപ്പടുത്തുന്ന തുക – 25000/- രൂപ

1-27 ഭവന പുനരുദ്ധാരണം ജനറൽ -തുക ട്രാൻസ്ഫർ ചെയ്തു നല്കിയതിലെ അപാകത

തൻവർഷം ഭവന പുനരുദ്ധാരണത്തിന് 30000/- രൂപ (പ്രോജക്റ്റ് നം. 51/20, (വികസന ഫണ്ട് ജനറൽ) തുക 15000/- ബിൽ നം1/14-10-19, തുക 15000/- ബിൽ നം. 7/20-1-20) ധനസഹായം കൈപ്പറ്റിയ പത്മാവതി, പുതുവൽ പുത്തൻവീട് എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം ഗുണഭോക്താവ് മാത്രം ഉൾപ്പെട്ട റേഷൻകാർഡിന്റെ പകർപ്പാണ് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ ധനസഹായം നല്കിയിരിക്കുന്നത് ഉദയാംബിക എന്ന വ്യക്തിയുടെ 67365310409 എന്ന അക്കൗണ്ട് നമ്പരിലേക്കാണ്. ഗുണഭോക്താവിന്റെ റേഷൻകാർഡിൽ മറ്റ് വ്യക്തികളാരും ഉൾപ്പെട്ടിട്ടില്ലാതിരിക്കെ ഉദയാംബികയുടെ പേരിൽ തുക നല്കിയതിന്റെ കാരണവും കമ്മിറ്റി

തീരുമാനവും ഹാജരാക്കണമെന്നാവശ്യപ്പെട്ടു നല്കിയ എൻക്വയറിയുടെ മറുപടിയായി ഗുണഭോക്താവിന് വാർദ്ധക്യസഹജമായ അസുഖം ഉള്ളതിനാൽ വി.ഇ.ഒ ഓഫീസിലും ബാങ്കിലും പോകുന്നതിന് ബുദ്ധിമുട്ട് ഉള്ളതിനാൽ മകളായ ഉദയാംബികയുടെ അക്കൗണ്ടിൽ ആനുകൂല്യം നല്കിയെന്നാണ് അറിയിച്ചിട്ടുള്ളത്.

ഗുണഭോക്താവിന്റെ ക്ഷേമപെൻഷൻ സ്വന്തം അക്കൗണ്ട് വഴി തന്നെ കൈപ്പറ്റുന്നതിനാൽ മേൽ മറുപടി അംഗീകരിക്കുന്നില്ല. ഉദയാംബികയുടെ പേരിൽ ആനുകൂല്യം നല്കുന്നത് തീരുമാനിച്ചു കൊണ്ടുള്ള കമ്മിറ്റി തീരുമാനവും ഗുണഭോക്താവിന്റെ അനുമതി സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. – 7/12.07.2020

തടസ്സപ്പടുത്തുന്ന തുക – 30,000/- രൂപ

1-28 ലൈഫ് ഭവന പദ്ധതി - അധികം തുക നൽകിയത് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടച്ചു.

1. അർഹതാരേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല.

ലൈഫ് ഭവനപദ്ധതി വഴി ആനുകൂല്യം കൈപ്പറ്റിയ ശോഭാസത്യൻ, സാബുഭവൻ എന്ന വ്യക്തിയുടെ അപേക്ഷ പരിശോധിച്ചതിൽ ടിയാളുടെ ഇലക്ഷൻ ഐ.ഡി.കാർഡ്, ബാങ്ക് പാസ്സ്ബുക്ക്, ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവയിലെല്ലാം മേൽ വിലാസം ലാൽ ഭവൻ, ജി.വി.നഗർ 155, അയത്തിൽ പി.ഒ, വടക്കേവിള എന്ന അഡ്രസാണ് ഉള്ളത്. ടി വ്യക്തിക്ക് ടി സ്ഥലത്ത് സ്വന്തമായി വീടുണ്ടോയെന്നത് സംബന്ധിച്ചും കൊല്ലം കോർപ്പറേഷനിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടുണ്ടോയെന്നതു സംബന്ധിച്ചുമുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2. അധികം തുക നല്കിയത് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടച്ചു.

മേൽ വ്യക്തിയുടെ അക്വിറ്റൻസ് പരിശോധിച്ചതിൽ അക്വിറ്റൻസ് പ്രകാരം 2018-19 ൽ 300000/- രൂപയും (13-8-18 ൽ 40000/-, 18-1-19ൽ 100000/-, 19-2-19-ൽ 60000/-, 23-3-19 ൽ 100000/-) 2019-20-ൽ 50000/- രൂപയും (20-1-20ൽ) ഉൾപ്പെടെ 350000/- നല്കകിയതായി രേഖപ്പെടുത്തുകയും കതക്പണി, തറയിടീൽ ബാലൻസ് 50000/- രൂപ നല്കാനുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുക വിതരണം ചെയ്ത ബില്ലുകൾ പ്രകാരം ടി വ്യക്തിക്ക് 16-4-19-ൽ 60000/- (ലൈഫ് മിഷനിൽ നിർദ്ദേശ പ്രകാരമുള്ള മാനുവൽ ബിൽ ചെക്ക് നം. 551687/16-4-19) രൂപ കൂടി നല്കി ആകെ 410000/- രൂപ നല്കിയിട്ടുള്ളതായി കാണുകയും ടി വ്യക്തിയുടെ പാസ്സ് ബുക്ക് പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. വീട് പണി പൂർത്തീകരിക്കുന്നതിന് മുമ്പ് തന്നെ 10000/- രൂപ അധികം ഉൾപ്പെടെ 410000/- രൂപ നല്കുകയും അക്വിറ്റൻസ് രജിസ്റ്ററിൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയതിനും വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ കൊല്ലം കോർപ്പറേഷനിൽ നിന്നും ഭവന നിർമ്മാണത്തിന് ആനുകൂല്യം ലഭിച്ചിട്ടില്ലെന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. അധികം കൈപ്പറ്റിയ 10000/- രൂപ പഞ്ചായത്ത് ഫണ്ടിൽ (സ്റ്റേറ്റ് ഷെയർ) ഒടുക്കു വരുത്തിയതിന്റെ രേഖകൾഹാജരാക്കിയിട്ടുമുണ്ട്.

അർഹതാരേഖകൾ ഹാജരാക്കുന്നതു വരെ ഭവനനിർമ്മാണത്തിന് കൈപ്പറ്റിയ 400000/- രൂപ തടസ്സപ്പെടുത്തുന്നു. (തൻ വർഷം നല്കിയത് ചെക്ക് നം. 551687/16-4-19 തുക – 60000/-, ചെക്ക് നം. 783108/20-1-20 തുക - 50000/-, മുൻ വർഷം – 300000/-)

ഓഡിറ്റ് എൻക്വയറി നം – 7/12.07.2020

തടസ്സപ്പെടുത്തുന്ന തുക – 4,00,000/- രൂപ

**1-29 ലൈഫ് ഭവനപദ്ധതി -2019-20അവലോകനം.**

| വകയിരുത്തിയ തുക | ചെലവഴിച്ച തുക | ഭവന നിർമ്മാണത്തിനായി എഗ്രിമെന്റിലേർപ്പെട്ടവരുടെ എണ്ണം (2019-20) | ഭവന നിർമ്മാണം പൂർത്തീകരിച്ചവരുടെ എണ്ണം (2019-20) ജനറൽ |
|---|---|---|---|
| 1.ലൈഫ് ഭവന പദ്ധതി ജനറൽ (പ്രോജക്റ്റ് നം. 56/20) 4000000/- (വികസനഫണ്ട് ജനറൽ – 600000/-, ബ്ലോക്ക് പഞ്ചായത്ത് – 1000000/-, ജില്ലാപഞ്ചായത്ത് – 2400000/-) | 2140000/- (വികസനഫണ്ട് ജനറൽ - 520000/-, ജില്ലാപഞ്ചായത്ത് – 1620000/-) | ജനറൽ 9 | ഭവനനിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. |
| ലൈഫ് ഭവന പദ്ധതി എസ്.സി.പി (പ്രോജക്റ്റ് നം. 56/20) 4000000/- (വികസനഫണ്ട് ജനറൽ 600000/-, ബ്ലോക്ക് പഞ്ചായത്ത് 1000000/-, ജില്ലാപഞ്ചായത്ത് 2400000/-) | ലൈഫ് ഭവന പദ്ധതി എസ്.സി.പി 1420000/- (വികസനഫണ്ട് എസ്.സി.പി 600000/-, ജില്ലാപഞ്ചായത്ത് 820000/-) | എസ്.സി 8 | ഭവനനിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. |

**1-30 സ്പിൽഓവർ പദ്ധതിയിലുൾപ്പെടുത്തുന്നതിനായി രേഖകളിൽ തിരുത്തുവരുത്തിയും ഗുണഭോക്തൃലിസ്റ്റിലെ സീനിയോറിറ്റി മറികടന്നും ആനുകൂല്യം നല്കി**

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ |
| പ്രോജക്റ്റ് നമ്പർ | 159/20 ഭവനപുനരുദ്ധാരണം ജനറൽ (101/19 ന്റെ സ്പിൽഓവർ) |
| അടങ്കൽ തുക | 3,62,500/-(വികസനഫണ്ട് ജനറൽ) |
| ചെലവഴിച്ച തുക | 2,87,500/-(വികസനഫണ്ട് ജനറൽ) |

101/19 എന്ന 2018-19-ലെ ഭവന പുനരുദ്ധാരണ പദ്ധതി(പൊതു വിഭാഗം)യുടെ സ്പിൽ ഓവർ പദ്ധതിയായ 2019-20-ലെ 159/20 എന്ന പദ്ധതിയുടെ അപേക്ഷകൾ പരിശോധിച്ചതിൽ 2018-19-ൽ ആനുകൂല്യത്തിന് അപേക്ഷിക്കുകയോ എഗ്രിമെന്റിലേർപ്പെടുകയോ ചെയ്യാത്ത വരും ഗുണഭോക്തൃലിസ്റ്റിലെ സീനിയോറിറ്റിയിൽ അവസാനമുള്ളവരുമായ ചുവടെ ചേർക്കുന്ന വ്യക്തികൾക്ക് സീനിയോറിറ്റിയിൽ മുന്നിലുള്ള 11ഓളം ഗുണഭോക്താക്കളെ മറികടന്നും സ്പിൽഓവർ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി മുദ്രപ്പത്രത്തിലെ തീയതിയിൽ തിരുത്തു വരുത്തിയും സ്പിൽഓവർ പദ്ധതി വഴി 2019-20-ൽ ആനുകൂല്യം നല്കിയിരിക്കുന്നതായി കണ്ടു. ടി ഗുണഭോക്താക്കൾക്ക് ഗുണഭോക്തൃലിസ്റ്റിലെ സീനിയോറിറ്റി മറികടന്നു ആനുകൂല്യം നല്കിയതിന്റെ കാരണമോ ടി വ്യക്തികൾക്കു മുമ്പ് ഗുണഭോക്തൃലിസ്റ്റിലുള്ള ഗുണഭോക്താക്കളുടെ പക്കൽ നിന്നും

ടിയാളുകൾക്ക് ആനുകൂല്യം ആവശ്യമില്ലെന്നുള്ള സാക്ഷ്യപത്രമോ ഹാജരാക്കിയിട്ടില്ല. 2018-19 ൽ 20 പേരുൾപ്പെട്ട ഗുണഭോക്തൃലിസ്റ്റിൽ നിന്നും 4 ഗുണഭോക്താക്കൾക്കാണ് (ക്രമ നം. 1, 2, 3, 5) ആനുകൂല്യം നല്കിയിട്ടുള്ളത്. കൂടാതെ ഒരു ഏകവർഷ പ്രോജക്ട് നടപ്പിലാക്കുമ്പോൾ ഭൗതീകമോ സാമ്പത്തികമോ ആയ ലക്ഷ്യം ,പദ്ധതി ആരംഭിച്ച വർഷത്തിൽ തന്നെ പൂർത്തീകരിക്കാതാകുമ്പോൾ പദ്ധതി സ്പിൽഓവറാക്കാമെന്നും സ്പിൽഓവറായ വർഷം തന്നെ പദ്ധതിപൂർത്തീകരിക്കണമെന്നും പദ്ധതിമാർഗ്ഗ രേഖയിൽ വ്യക്തമാക്കിയിരിക്കെ മേൽ നിബന്ധനകൾ പാലിക്കാതെ 159/20 എന്ന സ്പിൽഓവർ പദ്ധതി 2020-21ൽ 173/21 എന്ന പദ്ധതി വഴി വീണ്ടും സ്പിൽഓവറാക്കിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പേര്,<br>മേൽവിലാസം | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. | മുദ്രപ്പത്രത്തിലെ യഥാർത്ഥ തീയതി/നം. | തിരുത്തലിന് ശേഷം തീയതി | നല്കിയ തുക |
|---|---|---|---|---|
| സജീവ്, സുനിൽഭവനം,<br>വാർഡ് നം12 | 18 | നം. 9503,<br>തീ. 15-10-19 | നം. 9503,<br>തീ. 15-10-18 | 25000/-<br>(12500/-<br>(ബിൽ നം 18/25-1-20<br>തുക 37500/-) (2019-20)<br>19-6-20ലെ ബിൽ വഴി<br>12500/-(2020-21) |
| സജിനി,<br>തടവിളപുത്തൻവീട്,<br>വാർഡ് നം12 | 17 | നം. 9505,<br>തീ. 15-10-19 | നം. 9505,<br>തീ. 15-10-18 | 25000/-(12500/-<br>(ബിൽ നം. 18/25-1-20<br>തുക 37500/-)<br>(2019-20)<br>19-6-20ലെ ബിൽ വഴി 12500/-(2020-21) |
| ഷജില,അനസ് വില്ല,വാർഡ് നം12 | 12 | നം9501,<br>തീ.15-10-19 | നം9501,<br>തീ.15-10-18 | 25000/-(12500/-<br>(ബിൽ നം. 18/25-1-20<br>തുക 37500/-)<br>(2019-20)<br>19-6-20ലെ ബിൽ വഴി<br>12500/-(2020-21) |

മേൽ ഗുണഭോക്താക്കളുടെ അപേക്ഷകളിൽ അപേക്ഷ സ്വീകരിച്ചതിന്റെ തീയതികളോ നിർവ്വഹണോദ്യോഗസ്ഥന്റെ പരിശോധനാറിപ്പോർട്ടോ രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റിൽ പിന്നിലുള്ള ടി വ്യക്തികൾക്ക് അനർഹമായി ആനുകൂല്യം ലഭിക്കത്തക്ക വിധത്തിൽ മുദ്രപ്പത്രത്തിൽ തിരുത്തുവരുത്തിയതിനും ഗുണഭോക്തൃലിസ്റ്റിലെ സീനിയോറിറ്റി മറി കടന്ന് ആനുകൂല്യം നല്കിയതിനും വിശദീകരണം ലഭ്യമാക്കണമെന്നറിയിച്ച് കൊണ്ട് നല്കിയ എൻക്വയറിക്ക് 14-7-20-ൽ ലഭ്യമാക്കിയ മറുപടിയിൽ മുൻ നിർവ്വഹണോദ്യോഗസ്ഥൻ ഫീൽഡ്

തല വെരിഫിക്കേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃലിസ്റ്റിൽ താഴെ ഉള്ള ഗുണഭോക്താക്കളെ 24-12-18ലെ (2018-19 സാമ്പത്തിക വർഷം) സാധാരണ യോഗത്തിൽ സാധൂകരിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചത്. കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് ഹാജരാക്കാഞ്ഞതിനെ തുടർന്ന് സകർമ്മ സോഫ്റ്റ് വെയറിൽ 24-12-18 ലെ കമ്മിറ്റി തീരുമാനം പരിശോധിച്ചതിൽ എസ്.സി ഭവനപുനരുദ്ധാരണത്തിന്റെ ഗുണഭോക്തൃലിസ്റ്റിൽ അവസാനം ഉൾപ്പെട്ടു പോയ 19 ാം വാർഡിലെ ശ്രീ. സുഭാഷിതൻ, സുലോചന മന്ദിരം, എസ്.എം.സി 174ന്റെ വീട് തീ പിടിച്ചു പോയതിനാൽ ടിയാന് അടിയന്തിരമായി വീട് മെയിന്റനൻസിന് ധനസഹായം നല്കുന്നതും 6ാം വാർഡിലെ രവീന്ദ്രൻ പിള്ള, രജിൻ ഭവനം എന്ന വ്യക്തിക്ക് അടിയന്തിരമായി വീട് മെയിന്റനൻസിന് ധനസഹായം നല്കുന്നതും കമ്മിറ്റി അംഗീകരിച്ചു എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിന്നും എൻക്വയറിയുടെ മറുപടിയിലും തെറ്റായ വിവരങ്ങളാണ് നിർവ്വഹണോദ്യോഗസ്ഥ ഹാജരാക്കിയിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടു. 2020-21-ലും സ്പിൽഓവറാക്കിയതിന്റെ കാരണമായി മറുപടിയിൽ 2018-19 ലെ സ്പിൽഓവർ പ്രോജക്റ്റിന് ആനുകൂല്യം നല്കുന്നതിന് വേണ്ടിയുള്ള ബില്ല് വികസനഫണ്ട് ജനറലിന്റെ അഭാവം മൂലം 2019-20 സാമ്പത്തിക വർഷാവസനവും പെന്റിംഗ് ആയതിനെ തുടർന്നാണ് 2020-21ൽ വീണ്ടം സ്പിൽഓവറാക്കി ആനുകൂല്യം നല്കിയതെന്ന മറുപടി അംഗീകരിക്കുന്നില്ല. സ്പിൽഓവർ പദ്ധതിയിലുൾപ്പെട്ട ആനുകൂല്യം കൈപ്പറ്റുന്നതിന് അർഹരല്ലാതിരുന്ന ഗുണഭോക്താക്കൾക്ക് രേഖകളിൽ തിരുത്തൽ വരുത്തിയുംഗുണഭോക്തൃലിസ്റ്റിലെ സീനിയോറിറ്റി മറികടന്നും ആനുകൂല്യം നല്കിയ നടപടി അംഗീകരിക്കുന്നില്ല. മേൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നതിന് വേണ്ടി 2019-20 ൽ ചെലവഴിച്ച 37500/- രൂപ (2020-21-ലും 37500/- രൂപ ചെലവഴിച്ചിട്ടുണ്ട്) തടസ്സപ്പെടുത്തുന്നു. മേൽ ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അനർഹർക്ക് ആനുകൂല്യം നല്കുന്നതിന് വേണ്ടി രേഖകളിൽ തിരുത്തൽ വരുത്തിയത് നിർവ്വഹണോദ്യോഗസ്ഥയുടെ ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുകയും ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുകയും ചെയ്യുന്നു. ടിയാൾക്കെതിരെ വകുപ്പ് തല നടപടിയ്ക്ക് ശിപാർശ ചെയ്യുന്നു.

എൻക്വയറി നം – 9/13-7-19

തടസ്സപ്പെടുത്തിയ തുക – 37500/- രൂപ

**<u>1-31 കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം-കരാറുകാരന് അധികം തുക നല്കി.</u>**

ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം രൂക്ഷമായ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയതിന്റെ ട്രിപ്പ് ഷീറ്റുകൾ, വാട്ടർ അതോറിറ്റിയിൽ നിന്നുള്ള സാക്ഷ്യപത്രം, കരാറുകാരൻ സമർപ്പിച്ച കുടിവെള്ള വിതരണ ട്രിപ്പുകളുടെ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ 286400/- രൂപ കരാറുകാരന് അധികം നല്കിയതായി ഓഡിറ്റിന് ബോധ്യപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം രൂക്ഷമായ വാർഡുകളിൽ കുടിവെള്ള വിതരണത്തിനായി ക്വട്ടേഷനുകൾ ക്ഷണിച്ചതിൽ ഒരു ട്രിപ്പിന് ഏറ്റവും കുറഞ്ഞ തുക 1600/- രൂപ (5000 ലിറ്ററിന്റെ ടാങ്ക്) ശ്രീ. ജോസ്, ജോസ്മി പാരഡൈസ്, കരിക്കുഴി, പടപ്പക്കര എന്ന വ്യക്തിയുടെ ക്വട്ടേഷൻ 11-4-19ലെ 3(1) കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചിരുന്നു. ടിയാൻ കെ.എൽ 31എ-1050, കെ.എൽ02 വി-1894, കെ.എൽ41സി5884, കെ.എൽ20 2376 എന്നീ

വാഹനങ്ങളിലായാണ് ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തിയത്. ടി വാഹനങ്ങളുടെ ജി.പി.എസ്സ് റിപ്പോർട്ടും ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുണ്ട്. കരാറുകാരൻ സമർപ്പിച്ച കുടിവെള്ള വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം789 ട്രിപ്പ് കുടി വെള്ളം വിതരണം ചെയ്തതിനത്തിൽ കരാറുകാരന് 1262400/ രൂപ (ചെക്ക് നം. 992028/25-4-19 തുക – 189120/-, ചെക്ക് നം. 992523/9-5-19 തുക – 307200/-, ചെക്ക് നം. 992548/23-5-19 തുക - 446400/-, ചെക്ക് നം. 992355/14-6-19 തുക – 157280/-, ചെക്ക് നം. 993071/3-9-19 തുക – 162400/) ഗ്രാമപഞ്ചായത്തിൽ നിന്നും നല്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ കുടിവെള്ള വിതരണം ചെയ്തത് സംബന്ധിച്ച കേരള വാട്ടർ അതോറിറ്റി, കൊല്ലം വാട്ടർ സപ്ലൈസെക്ഷൻ – 1 അസി. എഞ്ചിനീയർ, കൊട്ടിയം പി.എച്ച് സെക്ഷൻ അസി. എഞ്ചിനീയർ, എന്നിവരുടെ സാക്ഷ്യപത്രപ്രകാരം ചുവടെ ചേർക്കും പ്രകാരം 610 ട്രിപ്പ് കുടിവെള്ള വിതരണമാണ് നടത്തിയിട്ടുള്ളത്. (സാക്ഷ്യപത്രങ്ങളുടെ പകർപ്പുകൾ ഓഡിറ്റ് ഫയലിനോടൊപ്പം).

| കേരള വാട്ടർ അതോറിറ്റി ഓഫീസ് | വിതരണ തീയതി | വാട്ടർ ടാങ്ക്/ പമ്പ് ഹൗസിന്റെ വിവരം | വെള്ളത്തിന്റെ അളവ് | ട്രിപ്പുകളുടെ എണ്ണം (1 ട്രിപ്പ്- 5000 ലിറ്റർ) | വിതരണം ചെയ്ത വാഹനങ്ങളുടെ വിവരം |
|---|---|---|---|---|---|
| അസി. എഞ്ചിനീയർ, കൊട്ടിയം പബ്ലിക് ഹെൽത്ത് സെക്ഷൻ | 12-4-19 മുതൽ 28-5-19 വരെ | JICA OH വാട്ടർടാങ്ക്, നെടുമ്പന | 28,60,000 ലിറ്റർ | 572 ട്രിപ്പ് | കെ.എൽ 31എ-1050, കെ.എൽ02 വി-1894, കെ.എൽ41സി5884, കെ.എൽ20 2376 |
| അസി. എഞ്ചിനീയർ, കൊല്ലം വാട്ടർ സപ്ലൈ സെക്ഷൻ-1 | 20-5-19 മുതൽ 30-5-19 വരെ | മുണ്ടയ്ക്കൽ പമ്പ് ഹൗസ് | 1,90,000 ലിറ്റർ | 38 ട്രിപ്പ് | കെ.എൽ.23ബി-6673, കെ.എൽ.2.എ.ക്യൂ.4673 |
| | | ആകെ | 30,50,000 ലിറ്റർ | 610 ട്രിപ്പ് | |

വാട്ടർ അതോറിറ്റിയിൽ നിന്നുള്ള സാക്ഷ്യപത്ര പ്രകാരം വിതരണം ചെയ്ത 610 ട്രിപ്പ് കുടിവെള്ളത്തിന് കരാറുകാരന് നല്കേണ്ട തുക 976000/- രൂപയാണ് (610x1600). കരാറുകാരന് 2,86,400/- (1262400-976000/-) അധികം നല്കിയതിന്റെ കാരണം സൂചിപ്പിച്ച് കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് അധികമായി നല്കിയ 2,86,400/-രൂപ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം (ജി.ഒ.(ആർ.റ്റി)നം500/19 എൽ.എസ്.ജി.ഡി. തീ.2-3-19) ഗ്രാമപഞ്ചായത്തുകൾക്ക് കുടിവെള്ള വിതരണത്തിനായി 1-4-19 മുതൽ 31-5-19 വരെ ചെലവഴിക്കാവുന്ന പരമാവധി തുക 11,00,000/- രൂപയാണ്. ടി പരിധി കഴിഞ്ഞും അധികം ചെലവഴിച്ച 162400/- രൂപയുടെ സാധൂകരണത്തിനായി ഗ്രാമപഞ്ചായത്തിൽ നിന്നും സംസ്ഥാന ധനകാര്യ വകുപ്പിലേക്ക് കത്ത്

നല്കിയിട്ടുണ്ട്. എന്നാൽ കരാറുകാരന് തുക അധികം നല്കിയിരിക്കുന്ന സാഹചര്യത്തിൽ തുക തിരികെ ഈടാക്കിയാൽ മതിയാകും.

മുണ്ടയ്ക്കൽ പമ്പ് ഹൗസിൽ നിന്നും വിതരണം നടത്തുന്നതിനുപയോഗിച്ച വാഹനങ്ങളുടെ ജി.പി.എസ്സ് റിപ്പോർട്ടും വിതരണ സ്റ്റേറ്റ്മെന്റും ഹാജരാക്കിയിട്ടില്ല. കൂടാതെ ടി വാഹനങ്ങളിൽ ജലവിതരണം നടത്തിയത് ശ്രീ. ജോസ് ആണെന്നതിനും രേഖകളില്ല. ശ്രീ. ജോസ് നെടുമ്പന വാട്ടർ ടാങ്കിൽ നിന്നും വിതരണത്തിനുപയോഗിച്ച 4 വാഹനങ്ങളുടെ വിവരം മാത്രമാണ് ക്വട്ടേഷനോടൊപ്പം ഹാജരാക്കിയിരുന്നത്. അതിനാൽ മുണ്ടയ്ക്കൽ പമ്പ് ഹൌസിൽ നിന്നും വിതരണം ചെയ്ത 38 ട്രിപ്പുകൾക്ക് വേണ്ടി ചെലവഴിച്ച 60800/- രൂപ തടസ്സപ്പെടുത്തുന്നു (38x1600). ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ അപാകതകൾക്കും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം – 18/16-7-20,

നിരാകരിക്കുന്ന തുക – 2,86,400/- രൂപ
തടസ്സപ്പെടുത്തിയ തുക – 60,800/- രൂപ

<u>1-32 കിണറും പമ്പ്ഹൗസും ഉൾപ്പെട്ട ഭൂമി വാങ്ങുന്നതിന് തുക ചെലവഴിച്ചതിലെ അപാകതകൾ</u>

1. കിണറും പമ്പ് ഹൌസും ഉൾപ്പെട്ട ഭൂമി വാങ്ങൽ – പദ്ധതി രൂപീകരിക്കാതെ തുക ചെലവഴിച്ചു.

ഗ്രാമ പഞ്ചായത്തിലെ 1-ാം വാർഡിൽ കുടിവെള്ള ക്ഷാമം രൂക്ഷമായതിനാൽ തുറന്ന കിണർ കുഴിക്കുന്നതിന് 2018-19 ൽ 20 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ കുടിവെള്ള കിണർ ഉൾപ്പെടുന്ന ഭൂമി വാങ്ങുന്നത് തുറന്ന കിണർ കുഴിക്കുന്നതിനേക്കാൾ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക ലാഭവും കുടിവെള്ളക്ഷാമരൂക്ഷത്തിന് അടിയന്തിര പരിഹാരവുമാകുമെന്നതിനാലും സാമ്പത്തിക വർഷാവസാനമായതിനാൽ പ്രോജക്ട് റിവൈസ് ചെയ്യാൻ സാധിക്കാത്തതിനാലും തനത് ഫണ്ടിൽ നിന്ന് തുക ചെലവ് ചെയ്ത് നെഗോസ്യേഷൻ പർച്ചേസ് പ്രകാരം കിണറും പമ്പ്ഹൗസും വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു (പഞ്ചായത്ത് കമ്മിറ്റിയുടെ 30.3.19 ലെ തീരുമാനം 1). കൂടാതെ പ്രൊജക്ട് റിവൈസ് ചെയ്യാൻ സാധിക്കുന്ന സമയത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ടി ചെലവിന് പദ്ധതി അംഗീകാരം വാങ്ങുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. കമ്മിറ്റി തീരുമാന പ്രകാരം 235185/- രൂപ (വൌച്ചർ നം. 21900012/2.4.19) ചെലവഴിച്ച് കിണറും പമ്പ്ഹൗസും ഉൾപ്പെട്ട ഭൂമി വാങ്ങിയെങ്കിലും നിലവിലും പദ്ധതി അംഗീകാരം വാങ്ങിയിട്ടില്ല. അതിനാൽ പ്രോജക്ടിന്റെ ഭാഗമാക്കാതെ മേൽ തുക ചെലവഴിച്ചത് തടസ്സപ്പെടുത്തുന്നു. സർക്കാർ അംഗീകാരം/പദ്ധതി അംഗീകാരം വാങ്ങി തടസ്സം ഒഴിവാക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തിന് കിണറും പമ്പ്ഹൗസും ഉൾപ്പെട്ട ഭൂമി വാങ്ങുന്നതിന്റെ മുദ്രപ്പത്ര വിലയിനത്തിലും രജിസ്ട്രേഷൻ ഫീസിനത്തിലും 10680/- രൂപ അധികം ചെലവഴിച്ചു.

ഗ്രാമപഞ്ചായത്തിന് കിണറും പമ്പ്ഹൗസും ഉൾപ്പെട്ട ഭൂമി വാങ്ങുന്നതിനായി വില്ലേജ് ഓഫീസറിൽ നിന്നും ടി ഭൂമിയുൾപ്പെട്ട 0.90 ച.മീ .ഭൂമിയുടെ വാല്വേഷൻ സർട്ടിഫിക്കറ്റും (29-3-19 ലെ 1669/19) പമ്പ് ഹൗസിന്റെ വാല്വേഷൻ സർട്ടിഫിക്കറ്റും വാങ്ങിയിരുന്നു. വാല്വേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 0.90 ച.മീ .ഭൂമിക്ക് 1,851,85/- രൂപയും പമ്പ് ഹൗസിന് 50,000/- രൂപയുമായിരുന്നു നിശ്ചയിച്ചിരുന്നത്. ടി ഭൂമിയിലെ കിണറും പമ്പ്ഹൗസും ഉൾപ്പെട്ട 0.40ച.മീ. ഭൂമി മാത്രമാണ് പഞ്ചായത്തിന് വേണ്ടി രജിസ്റ്റർ ചെയ്തതെങ്കിലും വാല്വേഷൻ പ്രകാരമുള്ള

235185/- രൂപയും ഭൂവുടമയ്ക്ക് നല്കുകയും ടി തുകയ്ക്കാനുപാതികമായി 18820/- രൂപ മുദ്രപ്പത്രത്തിനും 4774/- രൂപ രജിസ്ട്രേഷൻ ഫീസിനത്തിലും 4000/- രൂപ ആധാരമെഴുത്ത് ഫീസിനത്തിലും (ചെക്ക് നം 991681/-3-4-19 തുക 27594/-രൂപ) ചെലവഴിക്കുകയും ചെയ്തിരുന്നു. ഭൂവുടമയ്ക്ക് അധികമായി നല്കിയ 1,06,046/- രൂപ ടിയാളിൽ നിന്നും 14-5-19 ലെ 119020101048 രസീത് പ്രകാരം തിരിച്ചടച്ചിരുന്നു. കൃത്യമായ പരിശോധനകളില്ലാതെ ചെലവ് ചെയ്തത് മൂലം ഭൂമിയുടെ വിലയിനത്തിൽ അധികമായി ചെലവഴിച്ച തുക യായ 1,06,046/- രൂപ (235185-129139) തിരികെ ഈടാക്കിയെങ്കിലും മുദ്രപ്പത്രവിലയിനത്തിലും രജിസ്ട്രേഷൻ ഫീസിനത്തിലും ഗ്രാമപഞ്ചായത്തിന് 10680/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

(മുദ്രപ്പത്രവിലയിനത്തിൽ ചെലവഴിച്ച തുക – 18820/-

മുദ്രപ്പത്രവിലയിനത്തിൽ ചെലവഴിക്കേണ്ടിയിരുന്ന തുക – 129139x8% - 10331/-

അധികം - 8489/-

രജിസ്ട്രേഷൻ ഫീസിനത്തിൽ ചെലവഴിച്ച തുക – 4774/-

രജിസ്ട്രേഷൻ ഫീസിനത്തിൽ ചെലവഴിക്കേണ്ടിയിരുന്ന തുക – 129139x2% - 2583/-

അധിക – 2191/-).

ഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ച രേഖകൾ കൃത്യമായി പരിശോധിക്കാതെ രജിസ്ട്രേഷൻ നടത്തിയത് മൂലം അധികമായി ചെലവഴിക്കേണ്ടി വന്ന 10680/- രൂപ നിരാകരിക്കുന്നു.ഉത്തരവാദികളിൽ നിന്നും തുക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. മേൽ വിഷയംസൂചിപ്പിച്ചു കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം - 18/16-7-20,

നിരാകരിക്കുന്ന തുക – 10,680/- രൂപ

തടസ്സപ്പെടുത്തുന്ന തുക – 1,29,139/- രൂപ

<u>1-33 അക്കൗണ്ട്സ് പ്രകാരം തിരികെ നല്കാനില്ലാത്ത ഡെപ്പോസിറ്റ് തുകകൾ അഡ്മിനിസ്ട്രേറ്റീവ് ചെലവ് ഹെഡ്ഡിൽ നിന്നും റീഫണ്ട് ചെയ്ത് നല്കി.</u>

ഗ്രാമപഞ്ചായത്തിലെ ഡെപ്പോസിറ്റ് റീഫണ്ട് രജിസ്റ്ററിൽ ക്യാരിഓവർ ചെയ്ത് ഉൾപ്പെടുകയോ അക്കൗണ്ട്സ് പ്രകാരം ലയബിലിറ്റി ഹെഡിലുൾ പ്പെട്ട് മുൻവർഷ നീക്കിയിരിപ്പിലോ തൻവർഷ മുന്നിരിപ്പിലോ ഉൾപ്പെടുകയോ ചെയ്യാത്ത തുകകൾ അദർ അഡ്മിനിസ്ട്രേറ്റീവ് ചെലവിലുൾപ്പെടുത്തി ടി ഹെഡിൽ നിന്നും നിന്നും ചെലവ് ചെയ്തിരിക്കുന്നു.

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം റെന്റ് ഡെപ്പോസിറ്റിനത്തിൽ 2012-13 മുതലുള്ള തുകകൾ മാത്രമാണ് 2019-20ൽ ക്യാരിഓവർ ചെയ്തിട്ടുള്ളത്. ടി തുകകൾ മാത്രമാണ് അക്കൗണ്ട്സിലുൾപ്പെട്ടിട്ടുള്ളതും. എന്നാൽ റെന്റ് ഡെപ്പോസിറ്റ് റീഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ രസീത് നം. 40/28273/5-3-11 പ്രകാരമുള്ള 10000/- രൂപയും (കുടിശ്ശിക കഴിച്ച് 8437/-, (ചെക്ക് നം. 992535/20-5-19 ജെ. പി. ബാബു, മീനത്തുവിളവീട് 2010-11), രസീത് നം. 41/27092/21-3-2006 പ്രകാരമുള്ള 25000/- രൂപയും (ചെക്ക് നം. 989249/12-7-19 ശ്രീ. ഉണ്ണിക്കൃഷ്ണപിള്ള, കൃഷ്ണശ്രീ രസീത് നഷ്ടപ്പെട്ടത് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള ബോണ്ട് ഹാജരാക്കി തുക കൈപ്പറ്റിയിരിക്കുന്നു.) ലയബിലിറ്റി ഹെഡിലുൾപ്പെടാത്ത തുകകളായതിനാൽ ടി തുകകൾ അഡ്മിനിസ്ട്രേറ്റീവ് ചെലവിലുൾപ്പെടുത്തി ചെലവ് ചെയ്തിരിക്കുന്നു.

മുൻവർഷങ്ങളിലെ ഡെപ്പോസിറ്റ് രജിസ്റ്ററുകൾ ഹാജരാക്കണമെന്ന് ഓഡിറ്റ്

ആവശ്യപ്പെട്ടതിൻപ്രകാരം 2015-16 മുതലുള്ള ഡെപ്പോസിറ്റ് രജിസ്റ്ററുകൾ ഹാജരാക്കിയിരുന്നെങ്കിലും ടി രജിസ്റ്ററുകളിൽ മുൻവർഷങ്ങളിലെ ഡെപ്പോസിറ്റ് തുകകൾ ക്യാരിഓവർ ചെയ്ത് ഉൾപ്പെടുത്തുകയോ ടി വർഷങ്ങളിലെ രജിസ്റ്ററുകൾ ലഭ്യമാക്കുകയോ ചെയ്തില്ല. 2015-16 വർഷം മുതൽ റീഫണ്ട് ചെയ്ത് നല്കിയ തുകകൾ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. ഡെപ്പോസിറ്റ് രജിസ്റ്ററുകൾ കൃത്യമായി പരിപാലിച്ചിട്ടില്ലാത്തതിനാൽ ടി തുകകൾ മുമ്പ് റീഫണ്ട് ചെയ്തവയാണോയെന്ന് പരിശോധിക്കാനും സാധിച്ചിട്ടില്ല. റെന്റ് രജിസ്റ്റർ പ്രകാരം 2018-19 കാലയളവ് വരെയും ടി വ്യക്തികൾ കടമുറികൾ ഉപയോഗിച്ചിട്ടുണ്ടെങ്കിലും 2005-06 കാലയളവുകളിൽ 25000/- രൂപ ഡെപ്പോസിറ്റ് നല്കി കടമുറികൾ വാടകയ്ക്കെടുത്തവരിൽ പലരും തുടർന്നുള്ള വർഷങ്ങളിലെ ഡെപ്പോസിറ്റ് തുക (2000/- രൂപ മുതൽ 3000/- വരെ, നിലവിലും) വളരെ കുറവായതിനാൽ കടമുറികൾ ഒഴിഞ്ഞതിന് ശേഷം വീണ്ടും ലേലം ഏറ്റെടുത്തിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുള്ളതിനാലും അക്കൗണ്ട്സ് പ്രകാരം ലയബിലിറ്റി ഹെഡിലുൾപ്പെട്ട് മുൻവർഷ നീക്കീയിരിപ്പിലോ തൻവർഷ മുന്നിരിപ്പിലോ ഉൾപ്പെടാത്ത തുകകളായതിനാലും 33437/- രൂപ (8437+25000) മറ്റ് ഭരണച്ചെലവിലുൾപ്പെടുത്തി റീഫണ്ട് ചെയ്ത് നല്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം – 18/16-7-20

നിരാകരിക്കുന്ന തുക - 33437/- രൂപ

## 1-34 കെ.ഡബ്ല്യു.എ.ഡെപ്പോസിറ്റ് വർക്ക് -ബാലൻസ് തുക ഉപയോഗിച്ചുള്ള ഫൗണ്ടൻ നിർമ്മാണം.

പഞ്ചായത്ത് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ, 2017-18 ൽ കേരളാവാട്ടർ അതോറിറ്റിയിൽ വിവിധ വർക്കുകൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ വർക്ക് പൂർത്തീകരിച്ചതിന് ശേഷം വാട്ടർ അതോറിറ്റിയില് ബാക്കി നില്ക്കുന്ന 459464/- രൂപ (106658+352806) ഉപയോഗിച്ച് 21 വാർഡുകളിലും പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നടത്തിയ സ്ഥലങ്ങളിൽ ഓരോ ഫൗണ്ടൻ കൂടി സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി കൊട്ടാരക്കര അസി. എഞ്ചിനീയറെ അറിയിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് 7-6-19 ലെ 6(1)ആയി തീരുമാനപ്പെടുത്തിരുന്നു. ഫൗണ്ടൻ നിർമ്മിക്കുന്നതിന് വേണ്ട എസ്റ്റിമേറ്റ് റിപ്പോർട്ട് ലഭ്യമാക്കിയതിന് ശേഷവും, 2017-18 ലെ വർക്കുകളുടെ എസ്റ്റിമേറ്റ്, കംപ്ലീഷൻ റിപ്പോർട്ട് എന്നിവയും വാട്ടർടാപ്പുകൾ സ്ഥാപിച്ച സ്ഥലങ്ങൾ പരിശോധിച്ചും ടാപ്പുകളോടൊപ്പം ഫൗണ്ടൻ നിർമ്മിച്ചിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തിയതിന് ശേഷവുമാണോമേൽ തീരുമാനമെടുത്തതെന്ന് വ്യക്തമല്ല. മേൽ വിവരം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ പൊതുടാപ്പുകൾ പരമാവധികുറച്ച് ഗാർഹികകണക്ഷനുകൾ നല്കുന്ന പദ്ധതികൾക്ക് മുൻഗണന നല്കുകയും ഗാർഹികകണക്ഷനുകൾ പൂർണ്ണമാകുന്ന സ്ഥലങ്ങളിലെ പൊതുടാപ്പുകൾ നിർത്തലാക്കി ക്കൊണ്ടിരിക്കുകയും ചെയ്യുന്നതിനാൽ ഫൗണ്ടൻ നിർമ്മാണത്തിന് വേണ്ടി തുക ചെലവഴിക്കുന്നതിനുള്ള തീരുമാനം പുന:പരിശോധിക്കേണ്ടതും മേൽ തുക തിരികെ ഈടാക്കേണ്ടതുമാണ്. വ്യക്തമായ എസ്റ്റിമേറ്റ് റിപ്പോർട്ട് ലഭ്യമാക്കി പദ്ധതി രൂപീകരിച്ചതിന് ശേഷം മാത്രം തുക ചെലവഴിക്കേണ്ടതാണ്.

എൻക്വയറി നം - 18/16-7-20,

## 1-35 ഹൈമാസ്റ്റ് ലൈറ്റ് റിപ്പയറിങ്ങ്-ചെലവ് രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല.

2019-20ലെ തനത് ഫണ്ട് ചെലവ് വൗച്ചർ പരിശോധനയിൽ 21900977/28-11-19 വൗച്ചർ പ്രകാരം

കുണ്ടറയിലെ ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിനായി 49300/- രൂപ ചെലവഴിച്ചിരിക്കുന്നതായി കണ്ടു. വൗച്ചറിനോടൊപ്പം ടി വർക്കിന് ലഭിച്ച ക്വട്ടേഷനുകളും കമ്മിറ്റി തീരുമാന പ്രകാരം ശ്രീ. ഉണ്ണികൃഷ്ണപിള്ള സമർപ്പിച്ച ക്വട്ടേഷൻ അംഗീകരിച്ചതിന്റെ വിവരവും പണിപൂർത്തിയാക്കി 49300/- രൂപ കൈപ്പറ്റിയെന്ന ശ്രീ. ഉണ്ണികൃഷ്ണപിള്ളയുടെ കൈപ്പറ്റ് രസീതും മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. പ്രവൃത്തി നടത്തിയതിന്റെ വിവരമോ എസ്റ്റിമേറ്റോ, പ്രവൃത്തി നടത്തിയ തീയതിയോ പൂർത്തീകരണവിവരമോ പ്രവൃത്തി പൂർത്തീകരിച്ചതായുള്ള ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രമോ വാർഡ് മെമ്പറുടെ സാക്ഷ്യപത്രമോ വൗച്ചറിനോടൊപ്പം ഹാജരാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 49300/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

മേൽ വിവരം സൂചിപ്പിച്ച നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം – 18/16-7-20,

തടസ്സപ്പെടുത്തുന്ന തുക – 49300/- രൂപ

<u>1-36 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ വേതനം നല്കി.</u>

ഗ്രാമപഞ്ചായത്തിലെയും എൻ.എച്ച്.എം ഹോമിയോ ആശുപത്രിയിലെയും പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലിനോക്കുന്ന ജീവനക്കാർക്ക് 350/- രൂപ നിരക്കിൽ ദിവസവേതനമാണ് നിലവിൽ പഞ്ചായത്തിൽ നിന്നും നൽകിക്കൊണ്ടിരിക്കുന്നത്. സർക്കാർ ഉത്തരവുകൾ പ്രകാരം (ജി.ഒ(പി)7/16ഫിൻ. തീ.20.1.16, ജി.ഒ(ആർ.റ്റി)1099/17.ത.സ്വ.ഭ.വ., തീ. 7.4.17) പി.റ്റി.എസ് തസ്തികയിൽ കാഷ്വൽ തൊഴിലാളികളെ നിയമിച്ച് കൺസോളിഡേറ്റഡ് പേ മാത്രം (6,000/-) നൽകണമെന്നിരിക്കെ മേൽ നിരക്ക് പ്രകാരം ദിവസവേതനം നൽകി വരുന്നതിന്റെ അടിസ്ഥാനം എന്തെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും മേൽ വിഷയം സൂചിപ്പിച്ച നിർദ്ദേശം നല്കിയിരുന്നെങ്കിലും സർക്കാർ ഉത്തരവുകൾക്കനുസരിച്ച് നാളിതു വരെ വേതനം ക്രമീകരിച്ച നല്കിയിട്ടില്ല.വേതനം നല്കിയതിന്റെ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തിലെ പി.റ്റി.എസ് ആയ ശ്രീമതി. വിനിതയ്ക്ക് 350/- രൂപയിലധികമായും ഏതാനും മാസങ്ങളിൽ ദിവസവേതനം അനുവദിച്ചിട്ടുള്ളതായി കാണുന്നു. സർക്കാർ നിർദ്ദേശത്തിലും അധികമായി പി.റ്റി.എസ് ജീവനക്കാർക്ക് അനുവദിച്ച് നല്കിയ തുകകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വിനിത,<br>പാർട്ട് ടൈം സ്വീപ്പർ,<br>ഗ്രാമ പഞ്ചായത്ത് | നല്കിയ വേതനം | ചെക്ക് നം/തീയതി | നല്കാവുന്ന വേതനം | അധികം |
|---|---|---|---|---|
| 3/19 | 10150.00 | 991667/2-4-19 | 6000.00 | 4150 |
| 4/19 | 8050.00 | 992046/2-5-19 | 6000.00 | 2050 |
| 5/19 | 10150.00 | 992268/1-6-19 | 6000.00 | 4150 |
| 6/19 | 10800.00 | 992382/1-7-19 | 6000.00 | 4800 |
| 7/19 | 13500.00 | 992720/2-8-19 | 6000.00 | 7500 |
| 8/19 | 11700.00 | 993054/2-9-19 | 6000.00 | 5700 |
| 9/19 | 9450.00 | 993320/1-10-19 | 6000.00 | 3450 |
| 10/19 | 11700.00 | 993441/5-11-19 | 6000.00 | 5700 |
| 11/19 | 12150.00 | 993968/2-12-19 | 6000.00 | 6150 |
| 12/19 | 11250.00 | 994582/1-1-20 | 6000.00 | 5250 |
| | | | | |

| | | | | |
|---|---|---|---|---|
| 1/20 | 11250.00 | 011691/4-2-20 | 6000.00 | 5250 |
| 2/20 | 12150.00 | 994681/2-3-20 | 6000.00 | 6150 |
| | | | | 60300.00 |

| രഞ്ചനാമണി, പാർട്ട് ടൈം സ്വീപ്പർ, ഹോമിയോ ഡിസ്പെൻസറി | നല്കിയ വേതനം | ചെക്ക് നം/തീയതി | നല്കാവുന്ന വേതനം | അധികം |
|---|---|---|---|---|
| 3/19 | 9100.00 | 991673/2-4-19 | 6000.00 | 3100 |
| 4/19 | 8750.00 | 992048/2-5-19 | 6000.00 | 2750 |
| 5/19 | 9100.00 | 992271/1-6-19 | 6000.00 | 3100 |
| 6/19 | 8750.00 | 992386/1-7-19 | 6000.00 | 2750 |
| 7/19 | 9450.00 | 992721/2-8-19 | 6000.00 | 3450 |
| 8/19 | 9450.00 | 993077/2-9-19 | 6000.00 | 3450 |
| 9/19 | 8750.00 | 993322/1-10-19 | 6000.00 | 2750 |
| 10/19 | 9450.00 | 993445/5-11-19 | 6000.00 | 3450 |
| 11/19 | 9100.00 | 993969/2-12-19 | 6000.00 | 3100 |
| 12/19 | 9100.00 | 994583/1-1-20 | 6000.00 | 3100 |
| 1/20 | 9450.00 | 011692/4-2-20 | 6000.00 | 3450 |
| 2/20 | 8750.00 | 994675/2-3-20 | 6000.00 | 2750 |
| | | | | 37200.00 |

രണ്ട് പി.റ്റി.എസ്. ജീവനക്കാർക്കുമായി 2019-20 സാമ്പത്തികവർഷം ദിവസവേതനമിനത്തിൽ 97500/- രൂപ (60300+37200) അധികമായി നല്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് പാലിക്കാതെ ദിവസവേതനം അനുവദിച്ച് നല്കിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികമായി ചെലവഴിക്കേണ്ടി വന്ന 97500/- രൂപ നിരാകരിക്കുന്നു. മേൽ അധികച്ചെലവിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 18/16-7-20,
നിരാകരിക്കുന്ന തുക - 97500/- രൂപ

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം-കരാറുകാരന് അധികം തുക നല്കി.

ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം രൂക്ഷമായ വാർഡുകളിൽ കുടിവെള്ള വിതരണം

നടത്തിയതിന്റെ ട്രിപ്പ് ഷീറ്റുകൾ, വാട്ടർ അതോറിറ്റിയിൽ നിന്നുള്ള സാക്ഷ്യപത്രം, കരാറുകാരൻ സമർപ്പിച്ച കുടിവെള്ള വിതരണ ട്രിപ്പുകളുടെ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ 286400/- രൂപ കരാറുകാരന് അധികം നല്കിയതായി ഓഡിറ്റിന് ബോധ്യപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം രൂക്ഷമായ വാർഡുകളിൽ കുടിവെള്ള വിതരണത്തിനായി ക്വട്ടേഷനുകൾ ക്ഷണിച്ചതിൽ ഒരു ട്രിപ്പിന് ഏറ്റവും കുറഞ്ഞ തുക 1600/- രൂപ (5000 ലിറ്ററിന്റെ ടാങ്ക്) ശ്രീ. ജോസ്, ജോസ്മി പാരഡൈസ്, കരിക്കുഴി, പടപ്പക്കര എന്ന വ്യക്തിയുടെ ക്വട്ടേഷൻ 11-4-19ലെ 3(1) കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചിരുന്നു. ടിയാൻ കെ.എൽ 31എ-1050, കെ.എൽ02 വി-1894, കെ.എൽ41സി5884, കെ.എൽ20 2376 എന്നീ വാഹനങ്ങളിലായാണ് ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തിയത്. ടി വാഹനങ്ങളുടെ ജി.പി.എസ്സ് റിപ്പോർട്ടും ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുണ്ട്. കരാറുകാരൻ സമർപ്പിച്ച കുടിവെള്ള വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം789 ട്രിപ്പ് കുടി വെള്ളം വിതരണം ചെയ്തയിനത്തിൽ കരാറുകാരന് 1262400/ രൂപ (ചെക്ക് നം. 992028/25-4-19 തുക – 189120/-, ചെക്ക് നം. 992523/9-5-19 തുക – 307200/-, ചെക്ക് നം. 992548/23-5-19 തുക - 446400/-, ചെക്ക് നം. 992355/14-6-19 തുക – 157280/-, ചെക്ക് നം. 993071/3-9-19 തുക – 162400/) ഗ്രാമപഞ്ചായത്തിൽ നിന്നും നല്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ കുടിവെള്ള വിതരണം ചെയ്തത് സംബന്ധിച്ച കേരള വാട്ടർ അതോറിറ്റി, കൊല്ലം വാട്ടർ സപ്ലൈസെക്ഷൻ – 1 അസി. എഞ്ചിനീയർ, കൊട്ടിയം പി.എച്ച് സെക്ഷൻ അസി. എഞ്ചിനീയർ, എന്നിവരുടെ സാക്ഷ്യപത്രപ്രകാരം ചുവടെ ചേർക്കും പ്രകാരം 610 ട്രിപ്പ് കുടിവെള്ള വിതരണമാണ് നടത്തിയിട്ടുള്ളത്. (സാക്ഷ്യപത്രങ്ങളുടെ പകർപ്പുകൾ ഓഡിറ്റ് ഫയലിനോടൊപ്പം).

| കേരള വാട്ടർ അതോറിറ്റി ഓഫീസ് | വിതരണ തീയതി | വാട്ടർ ടാങ്ക്/ പമ്പ് ഹൗസിന്റെ വിവരം | വെള്ളത്തിന്റെ അളവ് | ട്രിപ്പുകളുടെ എണ്ണം (1 ട്രിപ്പ്- 5000 ലിറ്റർ) | വിതരണം ചെയ്ത വാഹനങ്ങളുടെ വിവരം |
|---|---|---|---|---|---|
| അസി. എഞ്ചിനീയർ, കൊട്ടിയം പബ്ലിക് ഹെൽത്ത് സെക്ഷൻ | 12-4-19 മുതൽ 28-5-19 വരെ | JICA OH വാട്ടർടാങ്ക്, നെടുമ്പന | 28,60,000 ലിറ്റർ | 572 ട്രിപ്പ് | കെ.എൽ 31എ-1050, കെ.എൽ02 വി-1894, കെ.എൽ41സി5884, കെ.എൽ20 2376 |
| അസി. എഞ്ചിനീയർ, കൊല്ലം വാട്ടർ സപ്ലൈ സെക്ഷൻ-1 | 20-5-19 മുതൽ 30-5-19 വരെ | മുണ്ടയ്ക്കൽ പമ്പ് ഹൗസ് | 1,90,000 ലിറ്റർ | 38 ട്രിപ്പ് | കെ.എൽ.23ബി-6673, കെ.എൽ.2.എ.ക്യു.4673 |
| | | ആകെ | 30,50,000 ലിറ്റർ | 610 ട്രിപ്പ് | |

വാട്ടർ അതോറിറ്റിയിൽ നിന്നുള്ള സാക്ഷ്യപത്ര പ്രകാരം വിതരണം ചെയ്ത 610 ട്രിപ്പ് കുടിവെള്ളത്തിന് കരാറുകാരന് നല്കേണ്ട തുക 976000/- രൂപയാണ് (610x1600). കരാറുകാരന് 2,86,400/- (1262400-976000/-) അധികം നല്കിയതിന്റെ കാരണം സൂചിപ്പിച്ചു കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് അധികമായി നല്കിയ 2,86,400/-രൂപ

നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം (ജി.ഒ.(ആർ.റ്റി)നം500/19 എൽ.എസ്.ജി.ഡി. തീ.2-3-19) ഗ്രാമപഞ്ചായത്തുകൾക്ക് കുടിവെള്ള വിതരണത്തിനായി 1-4-19 മുതൽ 31-5-19 വരെ ചെലവഴിക്കാവുന്ന പരമാവധി തുക 11,00,000/- രൂപയാണ്. ടി പരിധി കഴിഞ്ഞും അധികം ചെലവഴിച്ച 162400/- രൂപയുടെ സാധൂകരണത്തിനായി ഗ്രാമപഞ്ചായത്തിൽ നിന്നും സംസ്ഥാന ധനകാര്യ വകുപ്പിലേക്ക് കത്ത് നല്കിയിട്ടുണ്ട്. എന്നാൽ കരാറുകാരന് തുക അധികം നല്കിയിരിക്കുന്ന സാഹചര്യത്തിൽ തുക തിരികെ ഈടാക്കിയാൽ മതിയാകും.

മുണ്ടയ്ക്കൽ പമ്പ് ഹൗസിൽ നിന്നും വിതരണം നടത്തുന്നതിനുപയോഗിച്ച വാഹനങ്ങളുടെ ജി.പി.എസ്സ് റിപ്പോർട്ടും വിതരണ സ്റ്റേറ്റ്മെന്റും ഹാജരാക്കിയിട്ടില്ല. കൂടാതെ ടി വാഹനങ്ങളിൽ ജലവിതരണം നടത്തിയത് ശ്രീ. ജോസ് ആണെന്നതിനും രേഖകളില്ല. ശ്രീ. ജോസ് നെടുമ്പന വാട്ടർ ടാങ്കിൽ നിന്നും വിതരണത്തിനുപയോഗിച്ച 4 വാഹനങ്ങളുടെ വിവരം മാത്രമാണ് ക്വട്ടേഷനോടൊപ്പം ഹാജരാക്കിയിരുന്നത്. അതിനാൽ മുണ്ടയ്ക്കൽ പമ്പ് ഹൌസിൽ നിന്നും വിതരണം ചെയ്ത 38 ട്രിപ്പുകൾക്ക് വേണ്ടി ചെലവഴിച്ച 60800/- രൂപ തടസ്സപ്പെടുത്തുന്നു (38x1600). ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ അപാകതകൾക്കും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം – 18/16-7-20,

നിരാകരിക്കുന്ന തുക – 2,86,400/- രൂപ

തടസ്സപ്പെടുത്തിയ തുക – 60,800/- രൂപ

<u>3-2 ഭൂമി വാങ്ങൽ- മുദ്രപ്പത്രവിലയിനത്തിലും രജിസ്ട്രേഷൻ ഫീസിനത്തിലും അധികം തുക ചെലവഴിച്ചു.</u>

ഗ്രാമപഞ്ചായത്തിന് കിണറും പമ്പ്ഹൗസും ഉൾപ്പെട്ട ഭൂമി വാങ്ങുന്നതിന്റെ മുദ്രപ്പത്ര വിലയിനത്തിലും രജിസ്ട്രേഷൻ ഫീസിനത്തിലും 10680/- രൂപ അധികം ചെലവഴിച്ചു.

ഗ്രാമപഞ്ചായത്തിന് കിണറും പമ്പ്ഹൗസും ഉൾപ്പെട്ട ഭൂമി വാങ്ങുന്നതിനായി വില്ലേജ് ഓഫീസറിൽ നിന്നും ടി ഭൂമിയുൾപ്പെട്ട 0.90 ച.മീ. ഭൂമിയുടെ വാല്വേഷൻ സർട്ടിഫിക്കറ്റും (29-3-19 ലെ 1669/19) പമ്പ് ഹൗസിന്റെ വാല്വേഷൻ സർട്ടിഫിക്കറ്റും വാങ്ങിയിരുന്നു. വാല്വേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 0.90 ച.മീ. ഭൂമിക്ക് 1,851,85/- രൂപയും പമ്പ് ഹൗസിന് 50,000/- രൂപയുമായിരുന്നു നിശ്ചയിച്ചിരുന്നത്. ടി ഭൂമിയിലെ കിണറും പമ്പ്ഹൗസും ഉൾപ്പെട്ട 0.40 ച.മീ. ഭൂമി മാത്രമാണ് പഞ്ചായത്തിന് വേണ്ടി രജിസ്റ്റർ ചെയ്തതെങ്കിലും വാല്വേഷൻപ്രകാരമുള്ള 235185/- രൂപയും ഭൂവുടമയ്ക്ക് നല്കുകയും ടി തുകയ്ക്കാനുപാതികമായി 18820/- രൂപ മുദ്രപ്പത്രത്തിനും 4774/- രൂപ രജിസ്ട്രേഷൻ ഫീസിനത്തിലും 4000/- രൂപ ആധാരമെഴുത്ത് ഫീസിനത്തിലും (ചെക്ക് നം. 991681/-3-4-19 തുക-27594/-) ചെലവഴിക്കുകയും ചെയ്തിരുന്നു. ഭൂവുടമയ്ക്ക് അധികമായി നല്കിയ 1,06,046/- രൂപ ടിയാളിൽ നിന്നും 14-5-19 ലെ 119020101048 രസീത് പ്രകാരം തിരിച്ചടച്ചിരുന്നു. കൃത്യമായ പരിശോധനകളില്ലാതെ ചെലവ് ചെയ്തത് മൂലം ഭൂമിയുടെ വിലയിനത്തിൽ അധികമായി ചെലവഴിച്ച തുകയായ 1,06,046/ (235185-129139)തിരികെ

ഈടാക്കിയെങ്കിലും മുദ്രപ്പത്ര വിലയിനത്തിലും രജിസ്ട്രേഷൻ ഫീസിനത്തിലും ഗ്രാമപഞ്ചായത്തിന് 10680/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

(മുദ്രപ്പത്രവിലയിനത്തിൽ ചെലവഴിച്ച തുക – 18820/-

മുദ്രപ്പത്രവിലയിനത്തിൽ ചെലവഴിക്കേണ്ടിയിരുന്ന തുക – 129139x8% - 10331/-

അധികം - 8489/-

രജിസ്ട്രേഷൻ ഫീസിനത്തിൽ ചെലവഴിച്ച തുക – 4774/-

രജിസ്ട്രേഷൻ ഫീസിനത്തിൽ ചെലവഴിക്കേണ്ടിയിരുന്ന തുക – 129139x2% - 2583/-

അധികം – 2191/-).

ഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ച രേഖകൾ കൃത്യമായി പരിശോധിക്കാതെ രജിസ്ട്രേഷൻ നടത്തിയത് മൂലം അധികമായി ചെലവഴിക്കേണ്ടി വന്ന 10680/- രൂപ നിരാകരിക്കുന്നു. ഉത്തരവാദികളിൽ നിന്നും തുക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. മേൽ വിഷയംസൂചിപ്പിച്ച് കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല

എൻക്വയറി നം - 18/16-7-20,

നിരാകരിക്കുന്ന തുക – 10680/-

<u>3-3 അക്കൗണ്ട്സ് പ്രകാരം തിരികെ നല്കാനില്ലാത്ത ഡെപ്പോസിറ്റ് തുകകൾ അഡ്മിനിസ്ട്രേറ്റീവ് ചെലവ് ഹെഡ്ഡിൽ നിന്നും റീഫണ്ട് ചെയ്ത് നല്കി.</u>

ഗ്രാമപഞ്ചായത്തിലെ ഡെപ്പോസിറ്റ് റീഫണ്ട് രജിസ്റ്ററിൽ ക്യാരിഓവർ ചെയ്ത് ഉൾപ്പെടുകയോ അക്കൗണ്ട്സ് പ്രകാരം ലയബിലിറ്റി ഹെഡിലുൾ പ്പെട്ട് മുൻവർഷ നീക്കിയിരിപ്പിലോ തൻവർഷ മുന്നിരിപ്പിലോ ഉൾപ്പെടുകയോചെയ്യാത്ത തുകകൾ അദർ അഡ്മിനിസ്ട്രേറ്റീവ് ചെലവിലുൾപ്പെടുത്തി ടി ഹെഢിൽ നിന്നും നിന്നും ചെലവ് ചെയ്തിരിക്കുന്നു.

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം റെന്റ് ഡെപ്പോസിറ്റിനത്തിൽ 2012-13 മുതലുള്ള തുകകൾ മാത്രമാണ് 2019-20ൽ ക്യാരിഓവർ ചെയ്തിട്ടുള്ളത്. ടി തുകകൾ മാത്രമാണ് അക്കൗണ്ട്സിലുൾപ്പെട്ടിട്ടുള്ളതും എന്നാൽ റെന്റ് ഡെപ്പോസിറ്റ് റീഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ രസീത് നം 40/28273/5-3-11 പ്രകാരമുള്ള 10000/- രൂപയും (കുടിശ്ശിക കഴിച്ച് 8437/-, (ചെക്ക് നം. 992535/20-5-19 ജെ. പി. ബാബു, മീനത്തുവിളവീട് 2010-11), രസീത് നം. 41/27092/21-3-2006 പ്രകാരമുള്ള 25000/- രൂപയും (ചെക്ക് നം. 989249/12-7-19 ശ്രീ. ഉണ്ണിക്കൃഷ്ണപിള്ള, കൃഷ്ണശ്രീ രസീത് നഷ്ടപ്പെട്ടത് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള ബോണ്ട് ഹാജരാക്കി തുക കൈപ്പറ്റിയിരിക്കുന്നു.) ലയബിലിറ്റിഹെഡിലുൾപ്പെടാത്ത തുകകളായതിനാൽ ടി തുകകൾ അഡ്മിനിസ്ട്രേറ്റീവ് ചെലവിലുൾപ്പെടുത്തി ചെലവ് ചെയ്തിരിക്കുന്നു.

മുൻവർഷങ്ങളിലെ ഡെപ്പോസിറ്റ് രജിസ്റ്ററുകൾ ഹാജരാക്കണമെന്ന് ഓഡിറ്റ് ആവശ്യപ്പെട്ടതിൻപ്രകാരം 2015-16 മുതലുള്ള ഡെപ്പോസിറ്റ് രജിസ്റ്ററുകൾ ഹാജരാക്കിയിരുന്നെങ്കിലും ടി രജിസ്റ്ററുകളിൽ മുൻവർഷങ്ങളിലെ ഡെപ്പോസിറ്റ് തുകകൾ ക്യാരിഓവർ ചെയ്ത് ഉൾപ്പെടുത്തുകയോ ടി വർഷങ്ങളിലെ രജിസ്റ്ററുകൾ ലഭ്യമാക്കുകയോ ചെയ്തില്ല. 2015-16വർഷം മുതൽ റീഫണ്ട് ചെയ്ത് നല്കിയ തുകകൾ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. ഡെപ്പോസിറ്റ് രജിസ്റ്ററുകൾ കൃത്യമായി പരിപാലിച്ചിട്ടില്ലാത്തതിനാൽ ടി തുകകൾ മുമ്പ് റീഫണ്ട് ചെയ്തവയാണോയെന്ന് പരിശോധിക്കാനും സാധിച്ചിട്ടില്ല. റെന്റ് രജിസ്റ്റർ പ്രകാരം 2018-19 കാലയളവ് വരെയും ടി വ്യക്തികൾ കടമുറികൾ ഉപയോഗിച്ചിട്ടുണ്ടെങ്കിലും 2005-06

കാലയളവുകളിൽ 25000/- രൂപ ഡെപ്പോസിറ്റ് നല്കി കടമുറികൾ വാടകയ്ക്കെടുത്തവരിൽ പലരും തുടർന്നുള്ള വർഷങ്ങളിലെ ഡെപ്പോസിറ്റ് തുക (2000/- രൂപ മുതൽ 3000/- വരെ, നിലവിലും ) വളരെ കുറവായതിനാൽ കടമുറികൾ ഒഴിഞ്ഞതിന് ശേഷം വീണ്ടും ലേലം ഏറ്റെടുത്തിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുള്ളതിനാലും അക്കൗണ്ട്സ് പ്രകാരം ലയബിലിറ്റി ഹെഡിലുൾ പ്പെട്ട് മുൻവർഷ നീക്കീയിരിപ്പിലോ തൻവർഷ മുന്നിരിപ്പിലോ ഉൾപ്പെടാത്ത തുകകളായതിനാലും ഡെപ്പോസിറ്റ് റീഫണ്ട് ഹെഡിലുൾപ്പെടാത്ത 33437/- രൂപ (8437+25000) മറ്റ് ഭരണച്ചെലവിലുൾപ്പെടുത്തി റീഫണ്ട് ചെയ്ത് നല്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം – 18/16-7-20,

നിരാകരിക്കുന്ന തുക – 33437/- രൂപ

3-4 സബ്സിഡി അധികമായി നൽകി

പദ്ധതി - S0017/2020 - പോത്തുകുട്ടി വളർത്തൽ (എസ്.സി.പി)

അടങ്കൽ - 512000/- രൂപ

( വികസന ഫണ്ട് - 3,84,000/- രൂപ

ഗുണഭോക്തൃവിഹിതം – 1,28,000/- രൂപ)

ചെലവ് - 5,12,000/- രൂപ

(വികസനഫണ്ട് – 3,84,000/- രൂപ

| ബിൽ നം. & തീയതി | തുക (രൂപ) |
|---|---|
| 8/19-20, 14.10.2019 | 96,000/- |
| 14/19-20, 28.10.2019 | 48,000/- |
| 22/19-20,9.12.2019 | 72,000/- |
| 28/19-20,4.1.2020 | 1,20,000/- |
| 31/19-20,8.1.2020 | 48,000/- |

ഗുണഭോക്തൃവിഹിതം – 1,28,000/-രൂപ)

നിർവ്വഹണം - വെറ്റനറി സർജൻ

2019-2020 വർഷം വെറ്റനറി സർജൻ നിർവ്വഹണം നടത്തിയ S0017/2020-പോത്തുകുട്ടി വളർത്തൽ (എസ്.സി.പി ) എന്ന പദ്ധതിയിൽ 32 ഗുണഭോക്താക്കൾക്ക് സബ്സിഡിയായി 12,000/-രൂപ വീതമാണ് നൽകിയിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018.ത.സ്വ.ഭ.വ തീയതി 14.7.2018 ഖണ്ഡിക 6.2(4) പ്രകാരം യൂണിറ്റ് കോസ്റ്റിന്റെ 75% സബ്സിഡിയായി നൽകാമെങ്കിലും പരമാവധി സബ്സിഡി 10,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരമുള്ള നിരക്കിൽ നിന്നും അധികരിച്ച് തുക നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് യൂണിറ്റ് കോസ്റ്റിന്റെ 75% തുക എന്ന നിലക്കാണ് 12,000/- രൂപ സബ്സിഡിയായി നിജപ്പെടുത്തിയതെന്ന മറുപടിയാണ് ലഭിച്ചത്. സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് അധികമായി നൽകിയ 64,000/- രൂപയുടെ (32x2000) ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക തിരികെ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 10/ 14.7.2020

നിരാകരിച്ച തുക – 64,000/- രൂപ

**3-5 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ വേതനം നല്കി.**

ഗ്രാമപഞ്ചായത്തിലെയും എൻ.എച്ച്.എം ഹോമിയോ ആശുപത്രിയിലെയും പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലിനോക്കുന്ന ജീവനക്കാർക്ക് 350/- രൂപ നിരക്കിൽ ദിവസവേതനമാണ് നിലവിൽ പഞ്ചായത്തിൽ നിന്നും നൽകിക്കൊണ്ടിരിക്കുന്നത്. സർക്കാർ ഉത്തരവുകൾ പ്രകാരം (ജി.ഒ(പി)7/16ഫിൻ. തീ.20.1.16, ജി.ഒ(ആർ.റ്റി)1099/17.ത.സ്വ.ഭ.വ., തീ. 7.4.17) പി.റ്റി.എസ് തസ്തികയിൽ കാഷ്വൽ തൊഴിലാളികളെ നിയമിച്ച് കൺസോളിഡേറ്റഡ് പേ മാത്രം (6,000/-) നൽകണമെന്നിരിക്കെ മേൽ നിരക്ക് പ്രകാരം ദിവസവേതനം നൽകി വരുന്നതിന്റെ അടിസ്ഥാനം എന്തെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും മേൽ വിഷയം സൂചിപ്പിച്ച നിർദ്ദേശം നല്കിയിരുന്നെങ്കിലും സർക്കാർ ഉത്തരവുകൾക്കനുസരിച്ച് നാളിതു വരെ വേതനം ക്രമീകരിച്ച നല്കിയിട്ടില്ല.വേതനം നല്കിയതിന്റെ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തിലെ പി.റ്റി.എസ് ആയ ശ്രീമതി. വിനിതയ്ക്ക് 350/- രൂപയിലധികമായും ഏതാനും മാസങ്ങളിൽ ദിവസവേതനം അനുവദിച്ചിട്ടുള്ളതായി കാണുന്നു. സർക്കാർ നിർദ്ദേശത്തിലും അധികമായി പി.റ്റി.എസ് ജീവനക്കാർക്ക് അനുവദിച്ച് നല്കിയ തുകകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വിനിത, പാർട്ട് ടൈം സ്വീപ്പർ, ഗ്രാമ പഞ്ചായത്ത് | നല്കിയ വേതനം | ചെക്ക് നം/തീയതി | നല്കാവുന്ന വേതനം | അധികം |
|---|---|---|---|---|
| 3/19 | 10150.00 | 991667/2-4-19 | 6000.00 | 4150 |
| 4/19 | 8050.00 | 992046/2-5-19 | 6000.00 | 2050 |
| 5/19 | 10150.00 | 992268/1-6-19 | 6000.00 | 4150 |
| 6/19 | 10800.00 | 992382/1-7-19 | 6000.00 | 4800 |
| 7/19 | 13500.00 | 992720/2-8-19 | 6000.00 | 7500 |
| 8/19 | 11700.00 | 993054/2-9-19 | 6000.00 | 5700 |
| 9/19 | 9450.00 | 993320/1-10-19 | 6000.00 | 3450 |
| 10/19 | 11700.00 | 993441/5-11-19 | 6000.00 | 5700 |
| 11/19 | 12150.00 | 993968/2-12-19 | 6000.00 | 6150 |
| 12/19 | 11250.00 | 994582/1-1-20 | 6000.00 | 5250 |
| 1/20 | 11250.00 | 011691/4-2-20 | 6000.00 | 5250 |
| 2/20 | 12150.00 | 994681/2-3-20 | 6000.00 | 6150 |
| | | | | 60300.00 |

| രഞ്ചനാമണി, പാർട്ട് ടൈം സ്വീപ്പർ, ഹോമിയോ ഡിസ്പെൻസറി | നല്കിയ വേതനം | ചെക്ക് നം/തീയതി | നല്കാവുന്ന വേതനം | അധികം |
|---|---|---|---|---|
| 3/19 | 9100.00 | 991673/2-4-19 | 6000.00 | 3100 |
| 4/19 | 8750.00 | 992048/2-5-19 | 6000.00 | 2750 |
| 5/19 | 9100.00 | 992271/1-6-19 | 6000.00 | 3100 |
| 6/19 | 8750.00 | 992386/1-7-19 | 6000.00 | 2750 |
| | | | | |

| | | | | |
|---|---|---|---|---|
| 7/19 | 9450.00 | 992721/2-8-19 | 6000.00 | 3450 |
| 8/19 | 9450.00 | 993077/2-9-19 | 6000.00 | 3450 |
| 9/19 | 8750.00 | 993322/1-10-19 | 6000.00 | 2750 |
| 10/19 | 9450.00 | 993445/5-11-19 | 6000.00 | 3450 |
| 11/19 | 9100.00 | 993969/2-12-19 | 6000.00 | 3100 |
| 12/19 | 9100.00 | 994583/1-1-20 | 6000.00 | 3100 |
| 1/20 | 9450.00 | 011692/4-2-20 | 6000.00 | 3450 |
| 2/20 | 8750.00 | 994675/2-3-20 | 6000.00 | 2750 |
| | | | | 37200.00 |

ണ്ട് പി.റ്റി.എസ്. ജീവനക്കാർക്കുമായി 2019-20 സാമ്പത്തികവർഷം ദിവസവേതനമിനത്തിൽ 97500/- രൂപ (60300+37200) അധികമായി നല്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് പാലിക്കാതെ ദിവസവേതനം അനുവദിച്ച് നല്കിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികമായി ചെലവഴിക്കേണ്ടി വന്ന 97500/- രൂപ നിരാകരിക്കുന്നു. മേൽ അധികച്ചെലവിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 18/16-7-20,
നിരാകരിക്കുന്ന തുക – 97500/- രൂപ

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-2020 | 6.7.2020 -7.7.2020 | കെ എസ് എ-കെ എൽ എം-പി7/780/2020, തീയതി – 30.03.2021 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 40528 | സമഗ്ര നെൽകൃഷി വികസനം | 40528 | 0 |
| | 2019-20 | 2400000 | ലൈഫ് ഭവന പദ്ധതി | 1620000 | 780000 |
| | 2019-20 | 800000 | ലൈഫ് ഭവന പദ്ധതി, ജനറൽ | 800000 | - |
| | 2019-20 | 150000 | പനവിള ഏലാ റോഡ് നിർമ്മാണം ഒന്നാം ഘട്ടം വാർഡ് 11 | - | 150000 |
| | 2019-20 | 500000 | പ്രഭാ മന്ദിരം മുതൽചെറു കാഞ്ഞിര വിള വീട് വരെ റോഡ് കോൺക്രീറ്റ് വാർഡ് 1 | 475802 | 24198 |
| | 2019-20 | 500000 | ജയന്തി ജംഗ്ഷനിൽ നിന്നും വടക്കോട്ട് കനൽ റോഡ് മെറ്റലിംഗ് ടാറിംഗ് | - | 500000 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | 2019-20 | 500000 | പുതിയ ജംഗ്ഷൻ മുതൽ മൂലനാരം വരെ റോഡ് പുനരുദ്ധാരണം | - | 500000 |
| | 2019-20 | 300000 | കോട്ടൂർ പൊയ്ക മപ്പിത്തടം മുതൽ കിഴക്കോട്ട് കറുപ്പിന്റെ കട വരെ ഓട കെട്ടി കവറിംഗ് സ്ളാബ് | 179188 | 120812 |
| | 2019-20 | 2400000 | ലൈഫ് ഭവന പദ്ധതി- എസ് സി | 820000 | 1580000 |
| | | 7590528 | | 3935518 | 3655010 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2507119/- രൂപ വരവുണ്ട്. മുൻബാക്കി 42140000/- രൂപയടക്കം 44647119/- രൂപയിൽ 40840294/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| Hudco | സ.ഉ(എം/ എസ്)/111/18/31.8.2018 | 2507119 | 42140000 | 1139706 | _ | 43507413 |

4-6 സ്ഥിര നിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4112/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2007-08 | 2-2 | 100/- | രാജഗ്രേബാബു | 119020101737/20.6.19 |
| 2007-08 | 2-2 | 100/- | സബീന | 119020101748/10.6.19 |
| 2007-08 | 2-2 | 100/- | ഇബ്രഹംക്കുട്ടി | 119020101749/10.6.19 |
| 2008-09 | 2-4 | 200/- | മുരളി | 119020101750/10.6.19 |
| 2008-09 | 2-4 | 100/- | സന്തോഷ് കുമാർ | 119020101751/10.6.19 |
| 2008-09 | 2-4 | 100/- | സുവൽ ജോർജ് | 119020101752/10.6.19 |
| 2017-18 | 2-10 | 3412/- | ഓമന കോഷി | 119020104721/8.11.19 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പുപ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-12 | 2012-13 | 3-1-5(12) | ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തികരിച്ചിട്ടില്ല | ലഭ്യമല്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 131925924.60 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 91543962 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 492017 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1011739 |

(ബി). ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | - | 64000/- | ഡോ. സീന. എസ്. എൽ, വെറ്റിനറി സർജൻ |
| 3-1 എ | - | 286400/- | ശ്രീ. സ്റ്റീഫൻ മോത്തീസ്, സെക്രട്ടറി |
| 3-2 | - | 10680/- | ശ്രീ. സ്റ്റീഫൻ മോത്തീസ്, സെക്രട്ടറി |
| 3-3 | - | 33437/- | ശ്രീ. സ്റ്റീഫൻ മോത്തീസ്, സെക്രട്ടറി |
| 3-5 | | 97500/- | ശ്രീ. സ്റ്റീഫൻ മോത്തീസ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-23 | 100000 | ശ്രീ. സ്റ്റീഫൻ മോത്തീസ്, സെക്രട്ടറി |
| 1-25 | 180000 | ശ്രീമതി. ആശ, വി ഇ ഒ (135000) |
| | | ശ്രീമതി. മനുജ, വി ഇ ഒ (45000) |
| 1-26 | 25000 | ശ്രീമതി. മനുജ, വി ഇ ഒ |
| 1-27 | 30000 | ശ്രീമതി. ആശ, വി ഇ ഒ (15000) |
| | | ശ്രീമതി. സംഗീത, വി ഇ ഒ (15000) |
| 1-28 | 400000 | ശ്രീ. ജയപ്രകാശ്, വി ഇ ഒ |
| 1-30 | 37500 | ശ്രീമതി. മനുജ, വി ഇ ഒ |
| 1-31 ബി | 60800 | ശ്രീ. സ്റ്റീഫൻ മോത്തീസ്, സെക്രട്ടറി |
| 1-32 | 129139 | ശ്രീ. സ്റ്റീഫൻ മോത്തീസ്, സെക്രട്ടറി |
| 1-35 | 49300 | ശ്രീ. സ്റ്റീഫൻ മോത്തീസ്, സെക്രട്ടറി |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സ്റ്റീഫൻ മോത്തീസ്, സെക്രട്ടറി | സെക്രട്ടറി, ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്ത് | സങ്കീർത്തനം, അയത്തിൽ (പി ഒ), കൊല്ലം |
| ഡോ. സീന. എസ്.എൽ, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്ത് | ഗ്രേയസ്സ്, ജതനിനഗർ, 25 C, ടൗൺ ലിമിറ്റ്, കടപ്പകട, കൊല്ലം |
| ശ്രീമതി. സംഗീത, വി ഇ ഒ | - | തെങ്ങയ്യത്ത് വീട് , ഇടവട്ടം , വെള്ളിമൺ പി ഒ |
| ശ്രീമതി മനുജ.ആർ.വി, വി ഇ ഒ | വി ഇ ഒ, ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്ത് | കൃഷ്ണാലയം, അഷ്ടമുടി |
| ശ്രീമതി. ആശ, വി ഇ ഒ | വി ഇ ഒ, ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്ത് | ചേതിനിവാസ് , ഭാവന നഗർ- 160, കടപ്പാകട |
| ശ്രീ. ജയപ്രകാശ്, വി ഇ ഒ | വി ഇ ഒ, ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്ത് | അശ്വതി, കൊട്ടിയം, തഴുത്തല |

## <u>4-11 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 2000-2001 | കെ.എസ്.എ.കെ.എൽ.എം.പി.7/418/18/ 26.02.2018 | 2 |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം.പി.7/418/18/ 26.02.2018 | 2 |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം.പി.7/418/18/ 26.02.2018 | 2 |
| 2003-2004 | കെ.എസ്.എ.കെ.എൽ.എം.പി.7/418/18/ 26.02.2018 | 6 |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം.പി.7/418/18/ 26.02.2018 | 4 |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം.പി.7/418/18/ 26.02.2018 | 9 |
| 2006-2007 | കെ.എസ്.എ.കെ.എൽ.എം.പി.7/812(1)/19/ 12.6.19 | 6 |
| 2007-2008 | കെ.എസ്.എ.കെ.എൽ.എം.പി.7/812(2)/19/12.6.19 | 11 |
| 2008-2009 | കെ.എസ്.എ.കെ.എൽ.എം.പി.7/812(3)/19/ 12.6.19 | 8 |
| 2009-2010 | കെ.എസ്.എ.കെ.എൽ.എം.പി.7/812(4)/19/ 12.6.19 | 12 |
| 2010-11 & 2011-2012 | കെ.എസ്.എ.കെ.എൽ.എം.പി.7/812(5)/19/ 12.6.19 | 10 |
| 2012-13 & 2013-14 | കെ.എസ്.എ-കെ.എൽ.എം-പി.1/2070/2014/27.10.15 | 19 |
| 2014-15 | കെ.എസ്.എ-കെ.എൽ.എം-പി.1/1145/16/ 20.03.2017 | 32 |
| 2015-16 | കെ.എസ്.എ-കെ.എൽ.എം-പി.1/49/17/ 10.2.2017 | 17 |
| 2016-17 | കെ.എസ്.എ-കെ.എൽ.എം-പി.7/1373/17/ 9.10.2017 | 21 |
| 2017-18 | കെ.എസ്.എ-കെ.എൽ.എം-പി.7/1542/18/ 13.11.18 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ-കെ.എൽ.എം-പി.7/61/2020/ 25.2.2020 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്